കെ.എസ്.എ.കെ.കെ.ഡി. പി.12/103/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട് ജില്ല

*ഫോൺ : 04952371012,*
*ഇമെയിൽ : ddlfakkd@gmail.com*
*തീയതി : 23.01.2017*

*ജോയിന്റ് ഡയറക്ടർ*
*കോഴിക്കോട്.*

പ്രസിഡന്റ്(സെക്രട്ടറിമുഖേന)
ചേളന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്ത്-2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

*പകർപ്പ് :*
*1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം*
*2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.*
*3) കാര്യാലയ പകർപ്പ്*

നം.കെ.എസ്.എ.കെ.കെ.ഡി/പി12/103/17 തിയ്യതി :23.01.2017

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.4.2015 മുതൽ 15-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നി വയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.കെ.സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-12-2016 മുതൽ 24-12-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കെ.പി.ഹരി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സി.പി.സതീഷ് കുമാർ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.ധന്യ | ഓഡിറ്റർ |
| കുമാരി അഖില.വി | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ശ്രീധരൻ | 1.4.2015 മുതൽ 30.11.2015 വരെ |
| | ശ്രീമതി.വത്സല.ടി | 1.12.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ ഹബ്ബാസ്.ഒ.കെ ജൂനിയർ സൂപ്രണ്ട് | 1.4.2015 മുതൽ 15.7.2015വരെ |
| | ശ്രീഉദയൻ,സെക്രട്ടറി | 16.7.2015 മുതൽ 24.7.2015വരെ |
| | ശ്രീ കെ.വി.അനീഷ് കുമാർ | 27.7.2015 മുതൽ 31.3.2016വരെ |

| | സെക്രട്ടറി | |
|---|---|---|

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഷീജ.സി | 1.4.2015 മുതൽ 31.3.2016വരെ |
| കൃഷിഓഫീസർ | ശ്രീമതി.രജനി മുരളീധരൻ | 1.4.2015 മുതൽ 31.3.2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ദിനേഷ് ബാബു | 1.4.2015 മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഗിരിജ | 1.4.2015 മുതൽ 1.12.2015വരെ |
| | ശ്രീമതി.ഷൈജ.കെ.പി | 2.12.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.സരിത പുരുഷോത്തമൻ | 1.4.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ജയപ്രഭ.വി | 1.4.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.സുക | 1.4.2015 മുതൽ 18.6.2015വരെ |
| | ഡോ.ഹീര | 19.6.2015 മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.മുഹമ്മദ് നവാസ് | 1.4.2015 മുതൽ 31.3.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ശ്രീജിത്ത്.സി.പി | 1.4.2015 മുതൽ 31.3.2016വരെ |
| വി.ഇ.ഒ | ശ്രീ.ഷിനോദ് കുമാർ.പി.കെ | 1.4.2015 മുതൽ 31.3.2016വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 - പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി സംബന്ധിച്ച വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 - വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 12 | റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | തൊഴിൽനികുതി ഈടാക്കിയില്ല. | 2-3 |
| 14 | ലേലം ഇനത്തിൽ വരവൊന്നും ലഭിക്കാത്തത് സംബന്ധിച്ച്. | 2-4 |
| 15 | ഉപയോഗശൂന്യമായ യന്ത്ര സാമഗ്രികൾ ലേലം ചെയ്യുന്നില്ല. | 2-5 |
| ഭാഗം 3 | | |
| 16 | ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകി | 3-1 |
| 17 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി. | 3-2 |
| 18 | ടാറിന് അധിക നിരക്ക് അനുവദിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾ നടത്തി. | 3-3 |
| 19 | സമ്പൂർണ്ണ ശുചിത്വ ഗ്രാമം:പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| 20 | കുടിവെള്ള വിതരണം:കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 3-5 |
| 21 | പട്ടികജാതി കോളനി തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കൽ:അപാകതകൾ | 3-6 |
| 22 | അലങ്കാര മത്സ്യക്കൃഷി:പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |

| | | |
|---|---|---|
| 23 | ജപ്പാൻ കടിവെള്ളപദ്ധതിയുടെ ഭാഗമായി റോഡ് പൊളിഞ്ഞു റോഡ് നന്നാക്കിയതിന്റെ ചെലവ് അധികൃതരിൽ നിന്ന് ഈടാക്കിയിട്ടില്ല | 3-8 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല. | 3-9 |
| 25 | ഐ.എ.വൈ വിഹിതം അടവാക്കിയത് : വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല | 3-10 |
| 26 | പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം:പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ: നാളിതുവരേയായിട്ടും മരുന്ന് ലഭ്യമായില്ല. | 3-12 |
| 28 | തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-13 |
| 29 | രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു. | 3-14 |
| 30 | ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നില്ല | 3-15 |
| 31 | പരിധി പാലിക്കാതെ കണ്ടിജന്റ് ചെലവുകൾ ചെയ്യുന്നത് സംബന്ധിച്ച്. | 3-16 |
| 32 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക വേണ്ടി –സൈറ്റ് ബോർഡ് തയ്യാറാക്കിയത് ക്വട്ടേഷൻ ക്ഷണിക്കാതെ | 3-17 |
| 33 | മുൻക്കുറുകൾ അഡ്ജസ്റ്റ് ചെയ്യാത്തത് സംബന്ധിച്ച്. | 3-18 |
| 34 | ഗ്രാനുലാർ സബ് ബേസ് -സ്പെസിഫിക്കേഷനു വിരുദ്ധം. | 3-19 |
| 35 | നിർമ്മാണ പ്രവൃത്തികൾ കൺവീനറെ തെരഞ്ഞെടുത്തത് . | 3-20 |
| 36 | പൂരകപോഷകാഹാരപദ്ധതി - രണ്ടു പ്രൊജക്ടായി പദ്ധതിനിർവഹണം | 3-21 |

ഭാഗം 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | |
|---|---|---|
| 37 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

പുതുക്കിയ ബജറ്റ് 04.03.2016 ലെ 83/16 നമ്പർ തീരുമാനപ്രകാരം പാസ്സാക്കി.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 2015-16 | 28.7.16 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24.12.2016 | ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)

| വർഷം | 2015-16 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 2,34,17,538 |
| വരവ് | 4,57,73,968 |
| ആകെ | 69191506 |
| ചെലവ് | 61890039 |
| നീക്കിയിരിപ്പ് | 73,01,467 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 33,98,508 | 41,53,104<br>10,00,000 | 1,42,73,678 | 1,42,73,678 | (+)57,22,066 | 0 |
| വികസനഫണ്ട് എസ്.സി.പി. | 19,56,363 | 39,98,800 | 59,55,163 | 45,65,215 | (-)1389948 | |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 11,40,427 | 61,07,843 | 72,48,270 | 72,48,270 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 12,80,794 | 28,98,293 | 41,79,087 | 41,79,087 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20,24,245 | 69,76,090 | 90,00,335 | 64,82,174 | (-) 2518161 | |
| പെർഫോമൻസ് ഗ്രാന്റ് | 45,44,689 | 17,58,681 | 63,03,370 | 44,89,413 | (-) 1813957 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 1,63,189 | | | | | |
| ബി ഫണ്ട് | | | | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|
| 290 | 199 | 47 | 44 | 68 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3451790 | 2838926 | 612864 | (-)17.75 |
| നികുതിയേതര വരവുകൾ | 466869 | 559184 | 92315 | (+)19.77 |
| മറ്റു വരവുകൾ | 192264 | 182248 | 10016 | (-)5.2 |
| ആകെ | 4110923 | 3580358 | 530565 | (-)12.90 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,33,680 | 199 |
| കർഷകതൊഴിലാളി പെൻഷൻ | 64,22,340 | 866 |
| വിധവാപെൻഷൻ | 1,43,29,680 | 1579 |
| വാർദ്ധക്യകാലപെൻഷൻ | 1,37,41,260 | 2192 |
| വികലാംഗപെൻഷൻ | 39,34,300 | 399 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 2015600 | 243 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.16 ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തലേ ദിവസത്തെ നീക്കിയിരിപ്പ് തുക ബാങ്കിൽ അടവാക്കിയതായും പിൻവലിച്ചതിൽ ബാക്കിയുള്ള 2000/- രൂപ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചതായും ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | തീയതി |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.8.2014 മുതൽ 3.9.2014 വരെ | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ(എച്ച്.ക്യൂ)VI/8എ-2197/13തീ:7.10.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിലുൾപ്പെട്ട തുകയുടെ കൃത്യത ഉറപ്പു വരുത്താനാവില്ല.
2. വാറ്റ് അടക്കുന്നതിന് വേണ്ടി S.B.T കക്കോടിയിൽ ആരംഭിച്ച 67264431315 നമ്പർ അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ആസ്തിരജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ ബി 11ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തിയ്യതി വരെയുള്ള ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.
4. വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടേയും അടവാക്കിയ തുകയുടേയും വിശദാംശം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 തൊഴിൽനികുതി ഈടാക്കിയില്ല.

പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലേറെ പേർ ജോലിചെയ്യുന്നതായി രേഖപ്പെടുത്തി കണ്ടു. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കണ്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി ആന്റ് ഒ പ്രകാരമുള്ള അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | വാർഡ്,കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 25 | മാനേജർ, കേരള സ്റ്റേറ്റ് | 3/862 | 14 |

| | | | | |
|---|---|---|---|---|
| | | കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫെർട്ടിലൈസേഴ്സ് മികിസിംഗ് യൂണിറ്റ് | | |
| 2 | 88 | പ്രമോദ്.പി.വി, എ വൺ വുഡ് ഇൻഡസ്ട്രീസ് | 3/367D | 4 |
| 3 | 256 | ഭാസ്കരൻ.കെ.എം, പുഷ്പാ ഫർണ്ണിച്ചർ & സോമിൽ | 3/372, 373 | 4 |
| 4 | 257 | രാജേഷ്.എം, പാക്ക്സോൺ പോളിപാക്ക് | 15/507 | 4 |
| 5 | 332 | പ്രജീഷ്.കെ, ശ്രദ്ധ ഇൻഡസ്ട്രീസ് | 5/39C | 7 |
| 6 | 329 | ടി.പി.അഹമ്മദ്, കാക്കൂർ വുഡ് ഇൻഡസ്ട്രീസ് | 4/192 | 5 |
| 7 | 294 | ഉഷ.എൻ.വി, സൂര്യ ഫ്ലോർമിൽ | 9/380 | 4 |
| 8 | 292 | രാജേഷ്.സി, RC വുഡ് ഇൻഡസ്ട്രീസ് | 5/225 | 4 |
| 9 | 272 | ഷാജഹാൻ.പി.എ, മെട്രോ സ്റ്റീൽ | 14/450 | 6 |
| 10 | 407 | സൗമീന്ദ്രൻ.ടി.കെ, കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി | 12/153B | 7 |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കേണ്ടതും മേൽ പറഞ്ഞ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

## 2-4 ലേലം ഇനത്തിൽ വരവൊന്നും ലഭിക്കാത്തത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, ഭൂമി, എന്നിവയിൽ നിന്നുള്ള മേലനുഭവം എടുക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തിനുണ്ട് . ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായി മേലനുഭവം എടുക്കാവുന്ന താഴെ പറയുന്ന കെട്ടിടങ്ങൾ,ഭൂമി എന്നിവ ഉണ്ടെങ്കിലും ഇവയിൽ നിന്ന് 2014-15 ലും 2015-16 ലും വരവൊന്നും തന്നെയില്ല .

1. കനോത്ത് മീത്തൽ ലക്ഷം വീട് കോളനി കണ്ണങ്കര തെങ്ങിലെ അനുഭവം

2. ഞേറക്കാട്ട് ലക്ഷം വീട് കോളനി കണ്ണങ്കര -തെങ്ങ് ,കവുങ്ങ് അനുഭവങ്ങൾ.

3. പുത്തലത്ത് ലക്ഷം വീട് തെങ്ങിലെ അനുഭവങ്ങൾ.

4. വൃദ്ധസദനം സ്ഥലം തെങ്ങിലെ അനുഭവങ്ങൾ.

5. വെറ്ററിനറി ആശുപത്രി സ്ഥലത്തെ തെങ്ങിലെ അനുഭവങ്ങൾ.

6. അമ്പലത്തുകുളങ്ങര -പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയിലെ 3 തെങ്ങുകളിലെ അനുഭവങ്ങൾ.

7. കൊപ്രഡ്രയർ കെട്ടിട പരിസരത്തെ 3 തെങ്ങുകളിലെ അനുഭവങ്ങൾ.

8. ഗവ.ഹോമിയോ ഡിസ്പെൻസറി കെട്ടിട പരിസരത്തെ 2തെങ്ങ് 6 കവുങ്ങുകളിലെ അനുഭവം.

മേൽ ഇനങ്ങൾ ലേലം ചെയ്യുന്നതിനായി ചേളന്നൂർ വില്ലേജ് ഓഫീസിലും , കൃഷിഭവനിലും മാത്രമാണ് ലേലം പരസ്യപ്പെടുത്തിയത്. ആയതു പ്രകാരം 20.3.15 ന് 11 മണിക്ക് ഗ്രാമപഞ്ചായത്ത് ഓഫീസിൽവെച്ച് ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല . 21.4.15 ലെ 74(1) നമ്പർ തീരുമാന പ്രകാരം പുനർ ലേലം നടത്താൻ തീരുമാനിച്ചു . ആയതു പ്രകാരം പി.എച്ച്.സിയിലും ,വില്ലേജ് ഓഫീസ് ചേളന്നൂരിലും , കൃഷിഭവൻ ചേളന്നൂരിലും ലേലം പരസ്യപ്പെടുത്തിയിട്ടുണ്ട്. പുനർ ലേലത്തിലും ആരും പങ്കെടുക്കുകയോ മേൽ അനുഭവങ്ങൾ ലേലം കൊള്ളുകയോ ചെയ്തിട്ടില്ല. ലേലം നടക്കുന്ന ഇനങ്ങൾ, ലേലം നടക്കാൻ സാധ്യതയുള്ള തിയ്യതി, ഇ.എം.ഡി, എന്നിവയുടെ വിശദാംശം വിവിധ ഓഫീസുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെങ്കിലും ആവശ്യമായ രീതിയിലുള്ള പരസ്യം ലഭിക്കാത്തതിനാൽ ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല. അതുകൊണ്ടു തന്നെ ഈ ഇനത്തിൽ തൻവർഷം വരവില്ല . 2015 മാർച്ചിൽ നടന്ന ലേലത്തിനു ശേഷം പുനർലേലം നടന്നത് 2016 ജനുവരിയിലാണ്. പുനർലേലം നടക്കുന്നതിലുണ്ടായ കാലതാമസത്തിനും ലേലം നടക്കുന്നതിന്റെ വിവരം വേണ്ടത്ര പരസ്യപ്പെടുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/23.12.16 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം കാര്യക്ഷമമാക്കി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ഉപയോഗശൂന്യമായ യന്ത്ര സാമഗ്രികൾ ലേലം ചെയ്യുന്നില്ല.

11.4.13 ലെ ജി.ഒ. (ആർ.ടി) 986/13 നമ്പർ ഉത്തരവ് പ്രകാരം വാഹനങ്ങൾ ഒഴികെയുള്ളവ , കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമായ യന്ത്ര സാമഗ്രികൾ നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട് , എന്നാൽ ഉപയോഗശൂന്യമായ താഴെപറയുന്ന യന്ത്രസാമഗ്രികൾ പഞ്ചായത്ത് ലേലം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഓഫീസിലെ റെക്കോർഡ് റൂം വൃത്തിയാക്കി ഫയലുകൾ വർഷം തിരിച്ച് അടുക്കിവെക്കുന്നതിനും ഉപയോഗശൂന്യമായ മോട്ടോർ , സ്ട്രീറ്റ് ലൈറ്റ് കേടുവന്ന പ്രിന്ററുകൾ എന്നിവയെല്ലാം അടുക്കിവെക്കുന്നതിനും 16.3.16 ന് 3200 ചെലവു വന്നിട്ടുണ്ട്. എന്നാൽ മോട്ടോർ ,സ്ട്രീറ്റ് ലൈറ്റ് എന്നിവ ലേലം ചെയ്തിട്ടില്ല.
2. വെൽഫെയർ സ്കൂൾ കെട്ടിടത്തിലെ നിലവിലുള്ള പമ്പ്സെറ്റ് മാറ്റി പുതിയത് സ്ഥാപിച്ച വകയിൽ 300 രൂപ 29.10.15 ലെ 21500820 നമ്പർ വൗച്ചർ പ്രകാരം ചെലവു വന്നിട്ടുണ്ട് .എന്നാൽ പമ്പ്സെറ്റ് ലേലം

ചെയ്തിട്ടില്ല.

ഉപയോഗശൂന്യമായ മേൽ യന്ത്രസാമഗ്രികൾ ലേലം ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കാൻആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/23.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകി

2015-16വർഷം VG-30ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്തിൽ റോഡ് ടാറിംഗ് പ്രവർത്തികൾ ചെയ്തത്. ഈ ബിറ്റുമിന് ഡി.എസ്.ആർ നിരക്ക് ടണ്ണിന് 41000-രൂപയാണ്. ഇതിന്റെ കോസ്റ്റ് ഇൻഡക്സ് (1.381) ഉൾപ്പെടുന്ന തുകയാണ് നിരക്ക് അനുവദിച്ചപ്പോൾ ടാറിന് കണക്കാക്കിയത്. ജി.ഒ (ആർ.ടി) 789/2014 ത.സ്വ.ഭ.വ തി.18.3.2014 പ്രകാരം റോഡ് പ്രവർത്തിക്ക് ടാറിന്റെ വില ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതായത് ബിറ്റുമിന് മാർക്കറ്റ് വില ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കാമായിരുന്നു. 13.2.2014ലെ ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ ഡി.ബി.3/6512 /2013നമ്പർ സർക്കുലർ ഖണ്ഡിക 5പ്രകാരം ഡി.എസ്.ആർ ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ഇനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന പക്ഷം ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാവുന്നതാണ് . ഇതിൽ ഡി.എസ്.ആർ. ൽ ഉള്ളതിന് ആ നിരക്കും, ആല്ലാത്തവയ്ക്ക് മാർക്കറ്റ് നിരക്കും നൽകാം . 1% വാട്ടർചാർജ്ജ് , 15% സി.പി & ഒ.എച്ച് എന്നിവ നൽകിയ ശേഷം കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിക്കുമ്പോൾ മാർക്കറ്റ് നിരക്ക് നൽകിയതിനെ ഒഴിവാക്കണം. ഇവിടെ ഡി.എസ്.ആർ നിരക്ക് പ്രകാരം VG-30 ബിറ്റുമിന് 41000 രൂപയാണ്. എന്നാൽ ഐ.ഒ.സി നിരക്ക് 2015-16 വർഷം 41000 രൂപയിൽ കുറവാണ്. അതായത് മാർക്കറ്റ് നിരക്ക് ഡി.എസ്.ആർ നേക്കാൾ കുറവാണ്. കൂടാതെ ഡി.എസ്.ആർ കോഡ് 16.30.1,16.32.2 മറ്റ് ഒബ്സേർവ്ഡ് ഡാറ്റയിൽ വി.ജി-30 ബിറ്റുമിൻ മാത്രം അല്ല ടാർ ഉള്ളത്. വി.ജി-10ബിറ്റുമിൻ ഇമെൻഷൻ എന്നിവയുമുണ്ട്. എന്നാൽ കേരളത്തിലെ സാഹചര്യം പരിഗണിച്ച് മേൽ കോഡിൽ. വി.ജി 30 മാത്രം ഉൾപ്പെടുത്തിയാണ് നിരക്ക് തയ്യാറാക്കിയത്. അതായത് ഇത് ഒബ്സേർവ്ഡ് ഡാറ്റയാണ്. അതിൽ മാർക്കറ്റ് റേറ്റ് VG-30മേൽ സർക്കാർ ഉത്തരവ് പ്രകാരം (ഐ.ഒ.സി നിരക്ക്) ഉൾപ്പടുത്തിയിരുന്നെങ്കിൽ ടാറിന്റെ വിലയ്ക്ക് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കാമായിരുന്നു. അല്ലെങ്കിൽ മാർക്കറ്റ് വിലയേക്കാൾ കൂടുതലായ 41000രൂപ തന്നെ പരിഗണിച്ചാൽ 1.381 കോസ്റ്റ് ഇൻഡക്സ് ഗുണിച്ചത് അധികം ആണ്. ഇപ്രകാരം 38.1% തുക VG-30യ്ക്ക് അധികം അനുവദിച്ചു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ എസ്റ്റിമേറ്റ്/ കരാറുകാരന്റെ പേര്/ ബിൽ നമ്പർ/ തുക/ എം ബുക്ക്/ ടെണ്ടർ | വിനിയോഗിച്ച ടാർ(എം ബുക്ക് പേജ്) | അനുവദിച്ച തുക ടണ്ണിന് 41000X1.381 കോസ്റ്റ് ഇൻഡക്സ് | അനുവദിക്കേണ്ടത് ടണ്ണിന് 41000 | അധികം |
|---|---|---|---|---|---|
| 1 | അമ്പലത്ത്കുളങ്ങര. പുളിബസാർ റോഡ്<br>ബിൽ നമ്പർ:133/31.3.16<br>തുക: 3.5 ലക്ഷം<br>കരാറുകാരൻ: എം.രാമചന്ദ്രൻ<br>എം.ബുക്ക്:112/2015 | 1.31187 ടൺ (എം ബുക്ക് പേജ് ) | 1.31187x41000X1.381 =74279 | 1.31187X41000 =53787 | 20492 |
| 2 | ചേളന്നൂർ 9/1 ചേളന്നൂർ 9/1 ചേളന്നൂർ 9/1 ഇരുവള്ളൂർ റോഡ് | .80771 ടൺ (എം ബുക്ക് പേജ് 16) | .80771X41000X1.381 =45733 | .80771X41000 =33116 | 12617 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നമ്പർ:94/15.3.16 തുക: 20000<br>ബിൽ നമ്പർ:98/15.3.16 തുക: 130000<br>കരാറുകാരൻ: എം.വിനോദ്<br>എം.ബുക്ക്:92/2015 | | | | |
| 3 | പുളി ബസാർ -മുപ്പറ്റക്കണ്ടി റോഡ്<br>ബിൽ നമ്പർ:90/15.3.16 തുക: 3ലക്ഷം<br>കരാറുകാരൻ: ഷിബു .കെ.സി<br>എം.ബുക്ക്:89/2015 | .84994 ടൺ<br>(എം ബുക്ക് പേജ് 16 ) | .84994x41000x1.381<br>=48124 | .84994X41000<br>=34848 | 13276 |
| 4 | മമ്മിളിത്താഴം പുല്ലാപ്രമല റോഡ്<br>ബിൽ നമ്പർ:92/15.3.16 തുക: 260427<br>വൗച്ചർ നമ്പർ<br>2/501 238/22.3.16 തുക 39573<br>കൺവീനർ പ്രതീഷം.എം<br>എം.ബുക്ക്: 87/2015 | .90922 ടൺ<br>(എം ബുക്ക് പേജ് 20 ) | .90922X41000X1.381<br>=51481 | .90922X41000<br>=37278 | 14203 |
| 5 | ചിറ്റടി മുക്ക് -ചുണ്ടിക്കാട്ടിൽ റോഡ്<br>ബിൽ നമ്പർ:99/26.3.16 തുക: 3ലക്ഷം<br>കരാറുകാരൻ: എം.വിജയകുമാർ<br>എം.ബുക്ക്:82/2015 | 1.05189<br>(എം ബുക്ക് പേജ് 13) | 1.05189X41000X1.381 =59559 | 1.05189X41000<br>=43127 | 16432 |
| 6 | അമ്പലത്ത് കുളങ്ങര – കുന്നമ്മൽ താഴം റോഡ്<br>ബിൽ നമ്പർ:79/20.2.16 തുക: 246000<br>ബിൽ നമ്പർ:87/20.2.16 തുക: 54000<br>കരാറുകാരൻ: ഉദയകുമാർ<br>ടെൻഡർ 1% കുറവ്<br>എം.ബുക്ക്:72/2015 | 1.03637 'ടൺ(എം ബുക്ക് പേജ് 20) | 1.03637X41000X 99.99/100X1.381<br>=58674 | 1.03637X41000X 99.99/100<br>=42487 | 16187 |

| | | | | | |
|---|---|---|---|---|---|
| 7 | അരീപ്പുറത്ത് താഴം – നുഞ്ഞിയിൽ താഴം റോഡ് ബിൽ നമ്പർ:133/31.3.16 തുക: 3.5 ലക്ഷം<br>കരാറുകാരൻ: എം.രാമചന്ദ്രൻ<br>ടെൻഡർ 1% കുറവ്<br>എം.ബുക്ക്:83/2015 | 1.40489(എം ബുക്ക് പേജ് 16) | 1.40489X41000X 99.99/100X1.381<br>=79538 | 1.40489X41000X 99.99/100<br>=57595 | 21943 |
| 8 | കുമാരസ്വാമി കട്ടത്തലപ്പുറത്ത് റോഡ്<br>ബിൽ നമ്പർ:126/31.3.16 തുക: 2 ലക്ഷം<br>ബിൽ നമ്പർ:127/31.3.16 തുക: 1 ലക്ഷം<br>ബിൽ നമ്പർ:128/31.3.16 തുക: 1 ലക്ഷം<br>കൺവീനർ : ശ്യാമരാജൻ<br>എം.ബുക്ക്:61/2015 | 1.11933(എം ബുക്ക് പേജ് 18) | 1.11933X41000X1.381<br>=63378 | 1.11933X41000<br>=45893 | 17485 |
| 9 | ചെറുപാറക്കൽ<br>-അരയംകുളങ്ങര റോഡ്<br>ബിൽ നമ്പർ:121/31.3.16 തുക: 2 ലക്ഷം<br>ബിൽ നമ്പർ:122/31.3.16 തുക: 1 ലക്ഷം<br>കൺവീനർ: വി.അഷ്റഫ്<br>എം.ബുക്ക്:102/2015 | 1.21471 ടൺ<br>(എം ബുക്ക് പേജ് 19 ) | 1.21471X41000X1.381<br>=68778 | 1.21471X41000<br>=49803 | 18975 |
| 10 | അതിയാനത്തിൽ താഴം – ചെറുവോട്ട് റോഡ്<br>ബിൽ നമ്പർ:109/26.3.16 തുക: 2ലക്ഷം<br>കൺവീനർ: വിശ്വൻ .കെ.പി.എം.ബുക്ക്:104/2015 | 1.02158 ടൺ<br>(എം ബുക്ക് പേജ് 13) | 1.02158X41000X1.381<br>=57843 | 1.02158X41000<br>=41885 | 15958 |
| 11 | ചേളന്നൂർ 8/4 അയ്യപ്പൻ കണ്ടി റോഡ്<br>ബിൽ നമ്പർ:110/26.3.16 തുക: 50000<br>ചെക്ക് നമ്പർ 1633343/22.3.16:50000 | .30923ടൺ<br>(എം ബുക്ക് പേജ് 13) | .30923X41000X1.381<br>=17509 | .30923X41000<br>=12678 | 4831 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ:കെ.ടി.ഗോവിന്ദൻ കുട്ടി.പി.എം.ബുക്ക്:96/2015 | | | | |
| 12 | മണ്ണാംകണ്ടിത്താഴം മുക്കാരുക്കണ്ടിത്താഴം റോഡ് ബിൽ നമ്പർ:136/31.3.16 തുക: 4ലക്ഷം<br>കൺവീനർ: വി.ജി.സുരേഷ് കുമാർ ,.എം.ബുക്ക്:122/2015 | 2.12807ടൺ<br>(എം ബുക്ക് പേജ് 23) | 2.12807X41000X1.381<br>=120493 | 2.12807X4100o<br>=87251 | 33242 |
| 13 | മാട്ടുമ്മൽ കോളനി റോഡ് ബിൽ നമ്പർ:142/31.3.16 തുക: 3ലക്ഷം<br>കരാറുകാരൻ : വി.അഷ്റഫ്. .എം.ബുക്ക്:133/2015 | 1.69003ടൺ<br>(എം ബുക്ക് പേജ് 16) | 1.69003X41000X1.381<br>=95691 | 1.69003X4100o<br>=69291 | 26400 |
| 14 | പൊറോത്ത് താഴം കൃഷിഭവൻ റോഡ് ബിൽ നമ്പർ:137/31.3.16 തുക: 249475<br>കരാറുകാരൻ : സുനി.എം , ടെൻഡർ .01% കുറവ് .എം.ബുക്ക്:123/2015 | 1.2181ടൺ<br>(എം ബുക്ക് പേജ് 20) | 1.2181X41000X1.381 X99.99/100<br>=63512 | 1.02158X41000 X 99.99/100<br>=45990 | 17522 |
| 15 | നമ്പ്യ കുന്നത്തറത്താഴം -നട്ടച്ചാലിൽ മീത്തൽ റോഡ് ബിൽ നമ്പർ:132/31.3.16 തുക: 121934<br>ചെക്ക് നമ്പർ 21501291/29.3.16 , തുക 228066<br>കരാറുകാരൻ : വിനോദ്.എം,<br>.എം.ബുക്ക്:114/2015 | 1.72159ടൺ<br>(എം ബുക്ക് പേജ് 22) | 1.72159X41000X1.381<br>=97478 | 1.72159X4100o<br>=70585 | 26893 |
| 16 | തച്ചാട്ട് താഴം -മതിരീർ ക്കണ്ടിത്താഴം റോഡ്<br>ബിൽ നമ്പർ:118/31.3.16 തുക: 3.5ലക്ഷം<br>കൺവീനർ:സേതുമാധവൻ. എം.ബുക്ക്:80/2015 | 1.02898<br>ടൺ<br>(എം ബുക്ക് പേജ് 16) | 1.02898X41000X1.381<br>=58262 | 1.02898X41000<br>=42188 | 16074 |
| 17 | പുതുക്കടിത്താഴം റോഡ്<br>ബിൽ നമ്പർ:111/26.3.16 തുക: 2ലക്ഷം<br>കൺവീനർ:അമ്മദ് കോയ.എം.ബുക്ക്:91/2015 | 1.05955ടൺ<br>(എം ബുക്ക് പേജ് 10) | 1.05955X41000X1.381<br>=59993 | 1.05955X41000<br>=43442 | 16551 |

| | | | | | |
|---|---|---|---|---|---|
| 18 | വയലോറ പാലക്കൽ റോഡ്<br>ചെക്ക് നമ്പർ<br>2150117/26.2.16 തുക 2ലക്ഷം<br>കരാറുകാരൻ -റിജു.എം.പി.പി. എം.ബുക്ക്:81/2015 | .86975ടൺ<br>(എം ബുക്ക് പേജ് 17) | .86975X41000X1.381 =49246 | .86975X41000 =35660 | 13586 |
| 19 | ചേളന്നൂർ 9/5 മരുതാട് അംഗൻവാടി -മുതുവാട്ട് താഴം റോഡ് ബിൽ നമ്പർ:64/21.1.16 തുക: 2ലക്ഷം<br>കരാറുകാരൻ : പി .ശശിധരൻ. എം.ബുക്ക്:62/2015 | 1.03734ടൺ<br>(എം ബുക്ക് പേജ് 20) | 1.03734X41000X1.381 =58735 | 1.03734X41000 =42531 | 16204 |
| 20 | പുതുക്കുടിത്താഴം -ഈങ്ങാട്ട് താഴം റോഡ്<br>ബിൽ നമ്പർ:100/26.3.16 തുക: 1.5ലക്ഷം<br>കരാറുകാരൻ :പ്രഭീഷ് .സി.കെ<br>എം.ബുക്ക്:94/2015 | .74301ടൺ<br>(എം ബുക്ക് പേജ് 17) | .74301X41000X1.381 =42070 | .74301X41000 =30463 | 11607 |
| 21 | വളയനം കണ്ടിറോഡ് ബിൽ നമ്പർ:113/26.3.16 തുക: 2ലക്ഷം<br>കൺവീനർ :വി.കെ.ഫൈസൽ .എം.ബുക്ക്:108/2015 | .98813ടൺ<br>(എം ബുക്ക് പേജ് 16) | .98813X41000X1.381 =55949 | .98813X41000 =40513 | 15436 |
| 22 | കണ്ണങ്കാവ് അംഗൻവാടി റോഡ് -ബിൽ നമ്പർ:91/15.3.16 തുക: 2.5ലക്ഷം<br>കരാറുകാരൻ : കെ.പി.ഷിബു.<br>എം.ബുക്ക്:90/2015 | .80771ടൺ<br>(എം ബുക്ക് പേജ് 17) | .80771X41000X1.381 =45733 | .80771X41000 =33116 | 12617 |
| 23 | തച്ചോറമല റോഡ് ബിൽ നമ്പർ:63/21.1.16 തുക: 2.5ലക്ഷം<br>കരാറുകാരൻ : ശശിധരൻ.പി. എം.ബുക്ക്:63/2015 | .73376ടൺ<br>(എം ബുക്ക് പേജ് 20) | .73376X41000X1.381 =41546 | .73376X41000 =30084 | 11462 |
| 24 | ചെമ്മോട്ട് മീത്തൽ കോളനി | 1.53666ടൺ | 1.53666X41000X1.381 | 1.53666X41000 | 24003 |

| | | | | | |
|---|---|---|---|---|---|
| | റോഡ് ബിൽ നമ്പർ:77/20.2.16 തുക: 2ലക്ഷം<br>ചെക്ക് നമ്പർ 21501234/22.3.16 തുക 50000<br>കൺവീനർ :ഗിരീഷ്കുമാർ എം.ബുക്ക്:65/2015 | (എം ബുക്ക് പേജ് 15) | =87004 | =63001 | |
| 25 | ചേളന്നൂർ 8/4 അയ്യപ്പൻ കണ്ടിറോഡ്<br>ബിൽ നമ്പർ:80/20.2.16 തുക: 59202<br>ബിൽ നമ്പർ:61/21.1.16 തുക: 340798<br>കൺവീനർ- കെ.ടി.ഗോവിന്ദൻകുട്ടി എം.ബുക്ക്:59/2015 | 1.22166ടൺ<br>(എം ബുക്ക് പേജ് 23) | 1.22166X41000X1.381<br>=69172 | 1.22166X41000<br>=50088 | 19084 |
| 26 | കാക്കൂർ മല റോഡ് ബിൽ നമ്പർ:101/26.3.16<br>തുക: 2.5ലക്ഷം<br>കരാറുകാരൻ : വി.അഷ്റഫ് എം.ബുക്ക്:93/2015 | .98813ടൺ<br>(എം ബുക്ക് പേജ് 15) | .98813X41000X1.381<br>=55949 | .98813X41000<br>=40513 | 15436 |
| 27 | ഇച്ചന്നൂർ വിദ്യാമന്ദിരം റോഡ്<br>ബിൽ നമ്പർ: 108/26.3.16 തുക: 4ലക്ഷം<br>കൺവീനർ :സത്യരാജ്.പി .എം.ബുക്ക്:106/2015 | .2.07639ടൺ<br>(എം ബുക്ക് പേജ് 22) | 2.07639X41000X1.381<br>=117567 | 2.07639X41000<br>=85132 | 32435 |
| 28 | മഠത്തുംപൊയിൽ ഞാറക്കാട്ട് മീത്തൽ റോഡ് ബിൽ നമ്പർ:139/31.3.16 തുക: 2ലക്ഷം<br>ബിൽ നമ്പർ:140/31.3.16 തുക: 1ലക്ഷം<br>കൺവീനർ :സബിത.കെ.പി<br>എം.ബുക്ക്:127/2015 | 1.3797ടൺ<br>(എം ബുക്ക് പേജ് 19) | 1.3797X41000X1.381<br>=64433 | 1.3797X41000<br>=46657 | 17776 |
| | ആകെ | | | | 4,98,727 |

മേൽ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 കോൺക്രീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി.

എ). 2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തിയിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ആണ്. ഇതിന് ഒരു ഘനമീറ്ററിന് 7953.46 രൂപയാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സായ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം ഫ്ലോറിംഗിന് ഉപയോഗിക്കുന്ന കോഡ് ആയ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചാൽ ഒരു ഘനമീറ്ററിന് 5466.3 രൂപയും അതിന്റെ 1.381 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 7548 .96 രൂപയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ.ഗുണഭോക്തൃ കമ്മറ്റികളാണ് പ്രവൃത്തി നടത്തുന്നതെങ്കിൽ അനുവദിച്ചത് 6916 രൂപയും അനുവദിക്കേണ്ടത് 6564 .29 രൂപയുമാണ്.

നിരക്ക് അധികം നൽകിയതിലൂടെ ഈ ഇനത്തിന് അധികം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്/ പ്രോജക്ട്നം./എം. ബുക്ക്/ കരാറുകാരന്റെ പേര്/ബിൽ നമ്പർ,തുക | ചെയ്ത ഇനം/വോള്യം | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | അരീപ്പൊയിൽകൈതക്കോട്ട് റോഡ്<br>48/16(പ്രൊ.നം)<br>68/15(എം ബുക്ക് നമ്പർ )<br>റിതു .എം.വി,കരാറുകാരൻ<br>ബിൽ നം.76/20.2.16<br>4,50,000/- | ഇനം 12<br>5.69 ഘ.മീ | 5.69X7953.46<br>=45255 | 5.69X 7548.96<br>=42954 | 2301 |
| 2 | പ്രാഥമീകാരോഗ്യ കേന്ദ്രം നവീകരണം -<br>പ്രോ നമ്പർ169/2016<br>എംബുക്ക് നം 17/2015<br>റിതു .എം.വി,കരാറുകാരൻ<br>ബിൽ നം.62/21.1.16<br>4,23,659/-<br>ബിൽ നം.70//21.1.16<br>56,341/- | ഇനം 4<br>16.06 ഘ.മീ | 16.06X7953.46<br>=1,27,732 | 16.06 X 7548.96<br>=1,21,236 | 6496 |
| 3 | മാണിക്യം പാറ – മുതുവാട്ട് താഴംറോഡ്<br>പ്രോ നമ്പർ 20/2016<br>എംബുക്ക് നം 53/2015<br>വി.അഷ്റഫ്,കരാറുകാരൻ<br>ബിൽ നം.50/21.1.16<br>2,50,000/- | ഇനം 3<br>18.22ഘമീ | 18.22X7953.46<br>=1,44,912 | 18.22X7548.96<br>=1,37,542 | 7370 |
| 4 | കാക്കു കുഴിയിൽ എക്സൈസ് ഓഫീസ് പാത്ത് വേ<br>പ്രോ നമ്പർ 28/2016<br>എംബുക്ക് നം 51/2015<br>വി.അഷ്റഫ്,കരാറുകാരൻ | ഇനം 3<br>6ഘ.മീ | 6X7953.46<br>=47721 | 6X7548.96<br>=45294 | 2427 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം.49/21.1.16<br>100,000/- | | | | |
| 5 | കുറ്റിപ്പുറത്ത് താഴം എ.കെ.കെ.ആർ ഹൈസ്കൂൾ റോഡ്.<br>പ്രോ നമ്പർ 72/2016<br>എംബുക്ക് നം 20/2015<br>റിഇ.എം.വി ,കരാറുകാരൻ<br>ബിൽ നം.74/20.2.16<br>299,998/- | എക്സ്ട്രാ ഇനം 2<br>17.55ഘ.മീ | 17.55X7953.46<br>=139583 | 17.55X7548.96<br>=132484 | 7099 |
| 6 | ചുള്ളിയാട്ട്മുക്ക് വരിക്കാട്ടുമ്മൽ റോഡ്.<br>പ്രോ നമ്പർ 31/2016<br>എംബുക്ക് നം 76/2015<br>റിഇ.എം.വി ,കരാറുകാരൻ<br>ബിൽ നം.117/31.3.16<br>2,00,000 | ഇനം 4<br>11.34ഘ.മീ | 11.34X7953.46<br>=90192 | 11.34X7548.96<br>=85605 | 4587 |
| 7 | കാണാമ്പുറത്തിൽ ചെന്നേടി മീത്തൽ റോഡ്<br>പ്രോ നമ്പർ 32/2016<br>എംബുക്ക് നം 84/2015<br>റിഇ.എം.വി ,കരാറുകാരൻ<br>ബിൽ നം.125/31.3.16<br>1,49,944 | എക്സ്ട്രാ ഇനം 3<br>8.55ഘ.മീ | 8.55X7953.46<br>=68002 | 8.55X7548.96<br>=64544 | 3458 |
| 8 | ജ്ഞാനോദയം വായനശാല-പൊഴിയിൽ ക്ഷേത്രം റോഡ്<br>പ്രോ നമ്പർ144/2016<br>എംബുക്ക് നം 103/2015<br>പ്രകാശൻ.പി,കൺവീനർ<br>വൗച്ചർ നം.21501282 തി<br>1,50,000/- | എക്സ്ട്രാ ഇനം 2<br>10.04ഘ.മീ | 10.04 X 6916.05<br>=69437 | 10.04 X 6564.29<br>=65905 | 3532 |
| 9 | കണിക്കോട്ടുമ്മൽ റോഡ്<br>പ്രോ നമ്പർ 41/2016<br>എംബുക്ക് നം 86/2015<br>അബ്ദുൾ അസീസ് .കെ,കൺവീനർ<br>ബിൽനം.107/<br>തി26.3.16<br>1,00,000/- | ഇനം2<br>8.01ഘ.മീ | 8.01 X6916.05<br>=55398 | 8.01 X6564.29<br>=52580 | 2818 |
| 10 | കുമാരസ്വാമി -കടുത്തല പാത്ത് റോഡ്<br>പ്രോ നമ്പർ 66/2016<br>എംബുക്ക് നം 61/2015<br>ശ്യാമ രാജൻ | ഇനം<br>12<br>9.35ഘ.മീ | 9.35 X6916.05<br>=64665 | 9.35X6564.29<br>=61376 | 3289 |

| | | | | | |
|---|---|---|---|---|---|
| | .കെ,കൺവീനർ<br>ബിൽനം.126/ തി31.3.16-2,00,000/-<br>ബിൽനം.127/ തി31.3.16-1,00,000/-<br>ബിൽനം.128/ തി31.3.16-1,00,000/- | | | | |
| 11 | കായലത്ത് താഴംമരത്തക്കോട്ട് കുന്ന് നടപ്പാത<br>പ്രോ നമ്പർ 102/2016<br>എംബുക്ക് നം 124/2015<br>കെ.വിജയൻ ,കൺവീനർ<br>ബിൽനം.134/ തി31.3.16-1,00,000/- | ഇനം6<br>7.24ഘ.മീ | 7.24 X6916.05<br>=50072 | 7.24X6564.29<br>=47525 | 2547 |
| 12 | കുന്നോത്ത് തെക്കേ പാലയാട്ട് താഴം റോഡ്<br>പ്രോ നമ്പർ 18/2016<br>എംബുക്ക് നം 21/2015<br>ലൈജു.വി.പി,കൺവീനർ<br>ബിൽനം.47/ തി21.1.16-2,00,000/- | ഇനം4<br>13.07<br>ഘ.മീ | 13.07<br>X6916.05<br>=90393 | 13.07X6564.29<br>=85795 | 4598 |
| | ആകെ | | | | 50522 |

അധികം നൽകിയ തുക 50,522/- രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികേ ഈടാക്കേണ്ടതാണ്.

ബി) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് 28.9.15 ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി/സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർക്ക് അയച്ച ഡി.ബി4-9099/2015/സി.ഇ/തസ്വഭവ നമ്പർ കത്തിൽ, ചെറിയ റോഡ് പ്രവൃത്തികൾ അടിയന്തിര മായി ചെയ്യേണ്ടുന്ന പക്ഷം ഡി.എസ്.ആർ.കോഡ് 16.42 പ്രകാരം സി.സി 1:2:4 ചെയ്യാമെന്നും അല്ലാത്തപക്ഷം വാഹനഗതാഗതം ഉള്ള റോഡുകൾക്ക് സി.സി 1:4:8 ന് 10 മുതൽ 15 സെന്റീ മീറ്റർ വരെ ഘനത്തിലും 1:2:4 ന് 5 മുതൽ 7.5 സെന്റീമീറ്റർ വരെ ഘനത്തിലുമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽ കാണിച്ച റോഡ് പ്രവൃത്തികളിൽ 1 :2 : 4 പരമാവധി ഘനമായ 7.5 സെ.മീറ്ററിൽ ആണ് ചെയ്തത്. വാഹന ബാഹുല്യത്തിന് അനുസൃതമായിരിക്കണം 1:2:4 ന്റെ ഘനത്തിലുള്ള വ്യതിയാനമെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവിടെ പരമാവധി ഘനത്തിൽ കോൺക്രീറ്റ് ചെയ്യാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-3 ടാറിന് അധിക നിരക്ക് അനുവദിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾ നടത്തി.

2012 ലെ ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2015-16 വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഷെഡ്യൂളിൽ ടാറിന് ഒരു ടണ്ണിന് 44058 രൂപ കണക്കാക്കിയാണ് ടാർ ഉൾപ്പെടുന്ന ഇനങ്ങൾക്ക് നിരക്ക് അനുവദിച്ചത്. എന്നാൽ ഐ.ഒ.സിയുടെ (കൊച്ചിൻ റിഫൈനറീസ് ) പൊതു വിപണി നിരക്ക് ടണ്ണിന് 44058 രൂപയേക്കാൾ വളരെ കുറവാണ്.ജി.ഒ.ആർ.ടി 789/014 ത.സ്വ.ഭ.വ തി 18.3.14 പ്രകാരം റോഡ് പണിക്ക് ടാറിന്റെ വില ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുസരിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടാറിന്റെ വില പൊതുവിപണിയിൽ ഷെഡ്യൂൾ നിരക്കിനേക്കാൾ വർദ്ധിച്ചാൽ മാത്രമല്ല കുറഞ്ഞാലും ഈ ഉത്തരവ് ബാധകമാണ്. ഇക്കാര്യം ടെൻഡർ ക്ഷണിക്കുമ്പോൾ /അനുവദിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കേണ്ടതാണ്. ഇതിന്റെ

അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് താഴെ കാണിച്ച പ്രവൃത്തികളിൽ നഷ്ടം സംഭവിച്ചു. ഗുണഭോക്തൃ കമ്മറ്റി കരാറിലേർപ്പെട്ട മാസവും, കരാറുകാരൻ ടെൻഡർ ഏറ്റെടുത്ത മാസവും കണക്കാക്കിയാണ് ടിയാന്റെ ഐ.ഒ.സി നിരക്ക് കണക്കാക്കിയത്. ഐ.ഒ.സി നിരക്കിന്റെ കൂടെ 5% ടാക്സും ഉൾപ്പെടുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്/ എസ്റ്റിമേറ്റ്/കരാറുകാരൻ/ബിൽ നമ്പർ/ തുക/എം ബുക്ക് , കോസ്റ്റ് ഇൻഡക്സ്/ ടെൻഡർ തീയതി | ഉപയോഗിച്ച ടാർ | അനുവദിച്ച തുക ടാറിന് 44058 രൂപ നിരക്കിൽ | അനുവദിക്കേണ്ട തുക | കരാറിലേർപ്പെട്ട മാസത്തെ ഐ.ഒ.സി കൊച്ചിയുടെ വില +5% ടാക്സ് |
|---|---|---|---|---|---|
| 1 | കല്ലും പുറത്ത് താഴം -അമ്പലത്ത് കുളങ്ങര റോഡ്<br>പ്രോജക്ട് 36/14-15<br>പി.ശശിധരൻ ,കരാറുകാരൻ എം.ബുക്ക്74/015,<br>500000രൂപ<br>ടെൻഡർ കുറവ് : .5%<br>തി15.11.14 -497241 രൂപ ബിൽ 78/20.2.16<br>തുക 279741 ,ബിൽ 81/20.2.16 തുക217500/- | 1537.96 കിഗ്രാം<br>(എം ബുക്ക് പേജ് 23) | 1.53796X 44058X99.5/100<br>=67421 | 1.53796X (40560X5/100)<br>=65171 | 2250 |
| 2 | മുത്താട്ട് താഴം തച്ചോളി താഴം - റോഡ് പ്രോജക്ട് 52/14-15<br>കൺവീനർ -ശ്രീനിവാസൻ തച്ചോളി<br>എം.ബുക്ക്247/013, 3,00,000രൂപ<br>ബിൽ നമ്പർ 10/30.7.15 , 300000 | 1716.08 kg<br>(എം ബുക്ക് പേജ് 19) | 1.71608X44058<br>=75607 | 1.71608X40560 X105/100<br>=73084 | 2523 |

| | | | | | |
|---|---|---|---|---|---|
| | കരാർ നമ്പർ -50/14-15<br>തി 13.1.15 | | | | |
| 3 | പെരുമ്പൊയിൽ വാവിൽ റോഡ് പ്രോജക്ട് 49/14-15<br>കൺവീനർ - സി.പി.അജയകുമാർ<br>എം.ബുക്ക് 246/013,<br>ബിൽ നമ്പർ 11/30.7.15 , 100000രൂപ<br>13/30.7.15, 1,00,000 രൂപ<br>കരാർ നമ്പർ - 29/25.11.14 | 880.99 kg<br>(എം ബുക്ക് പേജ് 23) | .88099X44058<br>=38815 | .88099X40560X 105/100=37560 | 1255 |
| 4 | കിഴക്കേ അരണാട്ടിൽ റോഡ്<br>പ്രൊ നമ്പർ 66/14-15<br>കരാറുകാരൻ -വി.അഷ്റഫ്<br>ടെൻഡർ 6.3% കുറവ് ,തി 19.12.14<br>എസ്റ്റിമേറ്റ് 4ലക്ഷം രൂപ<br>എം.ബുക്ക് 229/013,<br>ബിൽ നമ്പർ 22/20.8.15 , 199629<br>20/ 20.8.15, 174800<br>= 3,74,429/- | 1.31302 ടൺ<br>(എംബുക്ക് പേജ് 23) | 1.31302 X44058X93.7/100<br>=54205 | 1.31302X4056X 105/100X93.7/100 =52396 | 1809 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 7837 |

മേൽ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 സമ്പൂർണ്ണ ശുചിത്വ ഗ്രാമം:പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ:സെക്രട്ടറി

പ്രൊജക്ട് നമ്പർ :280/2016

പ്രൊജക്ട് :ശുചിത്വ ഗ്രാമം സുന്ദര ഗ്രാമം

ഫണ്ട് :വികസന ഫണ്ട്,തനതു ഫണ്ട്

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ സംഭരണ കേന്ദ്രത്തിൽ കൊണ്ടുവന്ന് അവിടെ നിന്നും സംസ്കരിക്കുന്നതിനായി കയറ്റിയയക്കുന്നതിനായിട്ടാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തത്. ഇങ്ങനെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 982155/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ വിവിധ വാർഡുകളിൽ നിന്നും മാലിന്യങ്ങൾ സംഭരണ കേന്ദ്രത്തിൽ കൊണ്ടുവന്നതിന് 84,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദാംശം ചുവടെ:

ഫണ്ട് :തനത് ഫണ്ട് , വൗച്ചർ നം.:21500664/23-09-2015

| വാർഡ് | തുക കൈപ്പറ്റിയ ആൾ | കൈപ്പറ്റിയ തുക |
|---|---|---|
| 1 | പി മനോഹരൻ | 4000/- |
| 2 | സോന | 4000/- |
| 3 | സലാം പുനത്തിൽ | 4000/- |
| 4 | ഷാഹുൽ ഹമീദ് | 4000/- |
| 5 | റാഷിദ് | 4000/- |
| 6 | ഷാബു മുല്ലശ്ശേരി | 4000/- |
| 7 | സുബൈർ | 4000/- |
| 8 | കബീർ | 4000/- |
| 9 | രമേശൻ | 4000/- |
| 10 | രാജൻ | 4000/- |
| 11 | മിർഷാദ് | 4000/- |
| 12 | അനിൽകുമാർ | 4000/- |
| 13 | വിനോദ് | 4000/- |
| 14 | ഗോവിന്ദൻ.കെ.പി | 4000/- |
| 15 | ഷാജി | 4000/- |
| 16 | ദീപു.സി | 4000/- |

| | | |
|---|---|---|
| 17 | ഷാജി.സി.കെ | 4000/- |
| 18 | അജീഷ് | 4000/- |
| 19 | മനോജ് കണ്ണിപ്പൊയിൽ | 4000/- |
| 20 | അച്ചുതൻ പട്ടോന | 4000/- |
| 21 | പ്രകാശൻ.എൻ | 4000/- |
| ആകെ | | 84000/- |

സംഭരണകേന്ദ്രത്തിൽ നിന്നും പ്ളാസ്റ്റിക് മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് മാറ്റിയതിന് 864,00/-രൂപ നാച്വർ ഗാർഡ്,പാലാഴി എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. 15 എം$^3$ന് 27,000/-രൂപ നിരക്കിൽ 480 എം$^3$പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിനാണ് ഈ തുക നല്കിയത്. വിശദാംശം ചുവടെ:

വികസന ഫണ്ട്

ബിൽ നം.,തുക : 22/18-01-2016, 270,000/-

തനതു ഫണ്ട്

വൗച്ചർ നം.,തുക:21500645/09-09-2015, 100,000/-

ഡി.ഡി നം.,തുക :083523/17-09-2015, 494,000/-

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കാണിക്കുന്നു.

1) നാച്വറൽ ഗാർഡ് എന്ന സ്ഥാപനത്തിന് അജൈവ മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള ശുചിത്വ മിഷന്റെ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

2) വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ സംഭരണകേന്ദ്രത്തിൽ എത്തിച്ചതിന് 84,000/-രൂപ നൽകിയെങ്കിലും ഈ ആവശ്യത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.തുക ക്യാഷ് ആയാണ് നൽകിയത്.

3)സംഭരണകേന്ദ്രത്തിൽ നിന്നും മാലിന്യങ്ങൾ സംസ്കരിക്കാൻ കൊണ്ടു പോയതിന്റെ അളവ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

<u>കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.</u>

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194സി അനുസരിച്ച് കോൺട്രാക്ടർമാരിൽ നിന്നും 30000/-രൂപയിൽ കൂടുതലുള്ള തുകയുടെ 1% ഇൻകം ടാക്സ് അടവാക്കേണ്ടതാണ്. പാൻ(PAN)രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ 20% ആദായ നികുതി ഈടാക്കേണ്ടതാണ്. ഇവിടെ കരാറുകാരനായ സജിൽ.സി.പി പാൻ(PAN)രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 20% ആദായ നികുതി ഈടാക്കി അടവാക്കേണ്ടിയിരുന്നു.

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതിന്റെ വിശദാംശം:

| | |
|---|---|
| കരിറുകാരന് നൽകിയ തുക | 864,000/- |
| 30000/-രൂപ വരെയുള്ള ആദായ നികുതി | ഇല്ല |
| ആദായ നികുതി ഈടാക്കേണ്ട തുക<br>(864000 -30000 ) | 834000/- |

| | |
|---|---|
| ഈടാക്കേണ്ട ആദായ നികുതി1% നിരക്കിൽ | 8340/- |
| ഈടാക്കേണ്ട ആദായ നികുതി20% നിരക്കിൽ (പാൻ(PAN)രേഖപ്പെടുത്താത്തതിനാൽ) | 166800/- |

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ച 166800/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കുടിവെള്ള വിതരണം:കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട് നമ്പർ :56/2016

പ്രൊജക്ട് :കുടിവെള്ള വിതരണം

ഫണ്ട് :മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

2015 വേനൽക്കാലത്ത് മാർച്ച് 30മുതൽ ജൂൺ2വരെപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് ബിൽ നമ്പർ 1/26-06-2015പ്രകാരം പിൻവലിച്ച 400,000/-രൂപ കുടിവെള്ള വിതരണത്തിന് കരാറെടുത്ത വി.വിനോദ്കുമാർ,എ വൺ വാട്ടർ സപ്ളൈയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട നിയമാനുസൃത ആദായ നികുതി ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിരിക്കുന്നത്.

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194സി അനുസരിച്ച് കോൺട്രാക്ടർമാരിൽ നിന്നും 30000/-രൂപയിൽ കൂടുതലുള്ള തുകയുടെ 1% ഇൻകം ടാക്സ് അടവാക്കേണ്ടതാണ്.പാൻ(PAN)രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ഐ.ടി ആയി ഈടാക്കേണ്ടത് 20% ആണ്. ഇവിടെ കരാറുകാരനായ വി.വിനോദ്കുമാർ പാൻ(PAN)രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 20% ആദായ നികുതി ഈടാക്കി അടവാക്കേണ്ടിയിരുന്നു.

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതിന്റെ വിശദാംശം:

| | |
|---|---|
| കരിറുകാരന് നൽകിയ തുക | 400,000/- |
| 30000/-രൂപ വരെയുള്ള ആദായ നികുതി | ഇല്ല |
| ആദായ നികുതി ഈടാക്കേണ്ട തുക (400,000 -30000 ) | 370,000/- |
| ഈടാക്കേണ്ട ആദായ നികുതി1% നിരക്കിൽ | 3700/- |
| ഈടാക്കേണ്ട ആദായ നികുതി20% നിരക്കിൽ (പാൻ(PAN)രേഖപ്പെടുത്താത്തതിനാൽ) | 74,000/- |

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ച

74,000/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പട്ടികജാതി കോളനി തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കൽ:അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ :286/2016

പ്രൊജക്ട് :പട്ടികജാതി കോളനി തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കൽ

ഫണ്ട് :വികസന ഫണ്ട് (എസ്.സി.പി)

ബിൽ നമ്പർ,തുക :13/12-10-2015, 42825

54/31-03-2016, 457140/-

വിവിധ പട്ടികജാതി കോളനികളിലെ തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കുന്നതിനായി മേൽ രണ്ടു ബില്ലുകളിലായി 499965/-രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കാണിക്കുന്നു.

1)ആദ്യ ബിൽ പ്രകാരം പിൻവലിച്ച 42825/-രൂപ കെ.എസ്.ഇ.ബി കൈപ്പറ്റിയതിന് ഔദ്യോഗിക രശീതി ലഭ്യമാക്കായിട്ടില്ല.

2)മേൽ പ്രവൃത്തിക്ക് കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല.

3)പ്രോജക്ടിലും ഫയലുകളിലും വിവിധ പട്ടികജാതി കോളനികളിലെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ വലിക്കുന്നതിനായി തുക ചെലവഴിക്കുന്നു എന്ന് പരാമർശിക്കുന്നതല്ലാതെ ഏതൊക്കെ പട്ടികജാതി കോളനികളിലെ ഏതൊക്കെ ഇലക്ട്രിക് പോസ്റ്റുകളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനാണ് ഇലക്ട്രിക് ലൈൻ വലിക്കേണ്ടതെന്ന് വ്യക്തമാക്കുന്നില്ല.

കെ.എസ്.ഇ.ബിയുടെ ഔദ്യോഗിക രശീതിയില്ലാതെ ബിൽ നമ്പർ 13/12-10-2015 പ്രകാരം ചെലവായി കാണിച്ച 42,825/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ 2,3അപാകതകൾ കാരണം രണ്ടാം ബിൽ പ്രകാരമുള്ള 457140/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അലങ്കാര മത്സ്യകൃഷി:പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് :അലങ്കാര മത്സ്യകൃഷി

പ്രൊജക്ട് നമ്പർ : 55/2016

ഫണ്ട് : വികസന ഫണ്ട്

ബിൽ നം. :8/30-03-2016

തുക : 200,000/-

മേൽ പ്രൊജക്ട് പ്രകാരം 20ഗുണഭോക്താക്കൾക്ക് അലങ്കാര മത്സ്യകൃഷി നടത്തുന്നതിനായി 10,000/-രൂപ വീതം നൽകിയിട്ടുണ്ട്.ടാങ്ക് നിർമ്മിച്ച് അതിൽ അലങ്കാര മത്സ്യകൃഷി നടത്താനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്.ഇതിൻ പ്രകാരം സിൽക്പോളിൻ ഉപയോഗിച്ച് ടാങ്ക് നിർമ്മിച്ചതിന് 20,000/-രൂപ ചെലവായി എന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടതിൻ പ്രകാരം ഓരോരുത്തർക്കും 10,000/-രൂപ വീതം നല്കുകയാണുണ്ടായത്.ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ

കാണുന്നു.

1. സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 അനുസരിച്ച് വ്യക്തമാക്കിയ, ഗുണഭോക്താക്കൾ കർമ്മോൻമുഖ മത്സ്യത്തൊഴിലാളി മത്സ്യകർഷക ക്ളബ്ബിൽ അംഗമാണെന്നും ഇവരുടെ വാർഷിക വരുമാനം 50,000/-രൂപയിൽ അധികരിക്കുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതായിരുന്നെങ്കിലും അങ്ങനെ ചെയ്തിട്ടില്ല.
2. മേൽ ഉത്തരവ് പ്രകാരം ചെലവിന്റെ 50% പരമാവധി 10,000/-രൂപയേ സബ്സിഡിയായി നൽകാൻ പാടുള്ളൂ.സിൽക്പോളിൻ ഉപയോഗിച്ച് ടാങ്ക് നിർമ്മിച്ചതിന് 20,000/-രൂപ ചെലവായി എന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടതിൻ പ്രകാരമാണ് ഓരോരുത്തർക്കും 10,000/-രൂപ വീതം നൽകിയത്. എന്നാൽ ഇങ്ങനെ തുക നൽകിയപ്പോൾ ടാങ്ക് നിർമ്മാണത്തിന് 20,000/-രൂപ ചെലവായിട്ടുണ്ടെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച്,ബോധ്യപ്പെട്ട്,സാക്ഷ്യപ്പെടുത്തിയിട്ടില്ല.അതിനാൽ ഗുണഭോക്താക്കൾ 20,000/-രൂപയാണോ ടാങ്ക് നിർമ്മാണത്തിന് ചെലവഴിച്ചതെന്ന് വ്യക്തതയില്ല.

ഖണ്ഡിക 1,2 എന്നിവയിൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ കാരണം ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-8 ജപ്പാൻ കുടിവെള്ളപദ്ധതിയുടെ ഭാഗമായി റോഡ് പൊളിഞ്ഞു .റോഡ് നന്നാക്കിയതിന്റെ ചെലവ് അധികൃതരിൽ നിന്ന് ഈടാക്കിയിട്ടില്ല.

1. മണ്ണാംകണ്ടിത്താഴം -മുക്കാരുക്കണ്ടിത്താഴം റോഡ് പ്രവൃത്തിക്ക് നാല് ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് വകയിരുത്തുകയും ഗുണഭോക്തൃകമ്മറ്റി പ്രവൃത്തി എന്ന നിലയിൽ കൺവീനർക്ക് ബിൽ നമ്പർ 136/31.3.16 പ്രകാരം 4ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിൽ ജെ.ബി.ഐ.സിയുടെ പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചതും മണ്ണിട്ട് നികത്തിയതുമായ ഭാഗത്ത് മണ്ണ് നീക്കം ചെയ്ത് ക്വാറിമക്ക് ഉപയോഗിച്ച് സബ് ബേസ് ഉണ്ടാക്കി ഈ പ്രതലത്തിന്റെ മേൽ സോളിംഗ് മെറ്റലിലെ ടാറിംഗ് എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ജപ്പാൻ കുടിവെള്ളപദ്ധതിയുടെ ഭാഗമായി പൊളിഞ്ഞ ഈ റോഡിൽ ടാറിംഗ് പ്രവൃത്തി ചെയ്യാൻ ആവശ്യമായ 4 ലക്ഷം രൂപ ജെ.ബി.ഐ.സിയിൽ നിന്ന് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ഈ പ്രവൃത്തിക്ക് മെയിന്റനൻസ് ഗ്രാന്റ് ആണ് വിനിയോഗിച്ചിട്ടുള്ളത് . 2009-10 വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച 32 ലക്ഷത്തോളം രൂപയിൽ ഈ പ്രവൃത്തിക്ക് ആവശ്യമായ തുക ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.തുക അധികൃതരിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഈ പ്രവൃത്തിയുടെ കൺവീനർ സുരേഷ് കുമാർ ഇതിനാവശ്യമായ ടാർ സിഡ്കോവിൽ നിന്നാണ് വാങ്ങിയത്.ബിൽ പ്രകാരം 11ബാരൽ ടാർ (ഒരു ബാരലിൽ 161.8 കി.ഗ്രാം എന്ന കണക്കിൽ ) വാങ്ങിയതായി കാണുന്നു. 11ബാരൽ ടാറിൽ ആകെ 1779.8 കി.ഗ്രാം മാത്രമാണ് ഉള്ളത്.പ്രവൃത്തിയുടെ എം.ബുക്ക് 122/15 പേജ് നമ്പർ 23 ൽ ,ടാറിംഗിന് 2128.07 കി.ഗ്രാം ടാർ ആവശ്യമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ കൺവീനർ 2184 കി.ഗ്രാം സമാഹരിച്ചതിൽ 2128.07 കി.ഗ്രാം ഉപയോഗിച്ചതായി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ബിൽ പ്രകാരം 1779.8 കി.ഗ്രാം ടാർ മാത്രമേ കൺവീനർ വാങ്ങിയിട്ടുള്ളൂ. അവശേഷിക്കുന്ന ടാർ സംഭരിച്ചതിന്റെ (2128.07 -1779.80 =348.27 kg) രേഖകൾ ഫയലിൽ കാണുന്നില്ല. ഇതിൽ നിന്നും ആവശ്യത്തിന് ടാർ ഉപയോഗിക്കാതെയാണ് ഈ പ്രവൃത്തി ചെയ്തതെന്ന് വ്യക്തമാകുന്നു. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-9 കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

പദ്ധതി പേര്, നം. : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, 134/16

ബിൽ നം.,തുക : 14/29-03-16, 356250/-

ഫണ്ട് : വികസന ഫണ്ട്

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിനായി പഞ്ചായത്ത് വിഹിതം 356250/- രൂപ മേൽ വിവരിച്ച ബിൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡ്, കോഴിക്കോട് എന്നവർക്ക് നൽകിയിട്ടുണ്ട്. പദ്ധതിക്കായി തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

- ഗ്രാമപഞ്ചായത്ത് തലത്തിൽ കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി പ്രസിഡന്റ് ചെയർമാനും, വെറ്റിനറി സർജ്ജൻ കൺവീനറുമായി രൂപീകരിച്ച സമിതിയുടെ മിനുട്ട്സ് ബുക്ക്, സമിതിയുടെ മറ്റ് പ്രവർത്തന രേഖകൾ.
- പദ്ധതി പ്രവർത്തനം ആരംഭിച്ച കാലയളവ്.
- പദ്ധതി നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത ക്ഷീരവികസന സൊസൈറ്റിയുടെ പേര്.
- കർഷകർക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.
- പദ്ധതിയുടെ ജില്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ ഭൗതികനേട്ട റിപ്പോർട്ട്,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ.
- പഞ്ചായത്ത് തലത്തിൽ പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ.മേൽ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച 356250/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഐ.എ.വൈ വിഹിതം അടവാക്കിയത് : വിശദമായ വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ബിൽ,തുക :1/20-01-2016, 320,000/-

മേൽ ബിൽ പ്രകാരം പിൻവലിച്ച 320,000/-രൂപ ഡി.ഡി നം.897390/21-01-2016 ആയി ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട ഐ.എ.വൈ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തുന്നതിന് ആവശ്യമായ ഗുണഭോക്താക്കളുടെ എണ്ണവും നൽകാനുള്ള ഗഡുക്കളുടെ വിശദാംശവും അടങ്ങുന്ന ബജറ്റ് വിവരങ്ങൾ ലഭ്യമാക്കാതെയാണ് പഞ്ചായത്ത് ഐ.എ.വൈ വിഹിതം നൽകിയത്. പഞ്ചായത്ത് നൽകിയ തുക വിവിധ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-11 പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം:പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് : പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് വിതരണം

പ്രൊജക്ട് നമ്പർ : 38/2016

ഫണ്ട്, തുക : വികസന ഫണ്ട്, 260,820/- (ബിൽ നം.3/16-03-2016)

: ഗുണഭോക്തൃവിഹിതം, 86940/-(ഡി.ഡി.നം.

മേൽ പ്രൊജക്ട് പ്രകാരം 621ഗുണഭോക്താക്കൾക്ക് 7ഗ്രോബാഗ് വീതം നൽകുന്നതിനായി ആകെ 4347ഗ്രോബാഗ് വാങ്ങിയതിന് 347760/-രൂപ റെയ്ഡ്കോവിന് നൽകിയിട്ടുണ്ട്.തുക നല്കിയതിന്റെ വിശദാംശം ചുവടെ:

ബിൽ നം. : 3/16-03-2016, തുക :260,820/-

റസീപ്റ്റ് നം. :4186/28-04-2016, തുക :70,000/-

റസീപ്റ്റ് നം. :4184/28-04-2016, തുക :16,940/-

മേൽ പ്രൊജക്ട് സംബന്ധിച്ച അപാകതകൾ ചുവടെ കാണിക്കുന്നു:

1) ബിൽ നം.: 3/16-03-2016പ്രകാരം പിൻവലിച്ച 260,820/-രൂപ ഡി.ഡി.നം. 483142/17-03-2016 ആയി റെയ്ഡ്കോവിന് നൽകിയെങ്കിലും റെയ്ഡ്കോവിൽ നിന്നും രശീതി ലഭ്യമാക്കിയിട്ടില്ല.

2) ഗുണഭോക്താക്കൾ ഗ്രോബാഗ് കൈപ്പറ്റിയതായുള്ള രശീതിയില്ലാതെ മെമ്പർമാർക്കാണ് ഗ്രോബാഗ് വിതരണം ചെയ്യാൻ നല്കിയത്. യഥാർത്ഥ ഗുണഭോക്താക്കൾക്ക് മുഴുവൻ ഗ്രോബാഗ് വിതരണം ചെയ്തതായി വ്യക്തമല്ല.മേൽ അപാകതകൾ കാരണം ചെലവു തുക തടസ്സപ്പടുത്തുന്നു.

## 3-12 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ: നാളിതുവരേയായിട്ടും മരുന്ന് ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ഹോമിയോ)

പദ്ധതി പേര്, നം. : ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 33/15-16

ബിൽ നം.,തുക : 1/16-02-2016, 200,000/-

ഫണ്ട് : മെയിന്റനെൻസ് ഗ്രാന്റ് (റോഡിതരം)

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 200,000 /-രൂപ ഡി.ഡി.നം. 897960/16-02-2016 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതി കോ-ഓപ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റലായി ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാവാത്ത സാഹചര്യത്തിൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് മരുന്ന് കിട്ടാത്ത അവസ്ഥ വരാതിരിക്കാനാണ് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് ഉപയോഗിച്ച് ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നത്. എന്നാൽ പണം നൽകി 10മാസമായിട്ടും മരുന്ന് ലഭ്യമാക്കാനാവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല.

എ1/1029/2015/ഡി.എം.സി തിയ്യതി.09-09-2015നമ്പർ കത്ത് പ്രകാരം ഡി.എം.ഒ നൽകിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് ഹോമിയോപതി കോ-ഓപ് ഫാർമസിക്ക് മരുന്ന് വാങ്ങുന്നതിനായി ഓഡർ നല്കിയത്. എന്നാൽ ഡിപ്പാർട്ട്മെന്റലായി മരുന്ന് ലഭ്യമല്ല എന്ന് അറിയിച്ചതിന് ശേഷം 1വർഷം 2മാസം കഴിഞ്ഞിട്ടും ആ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നല്കിയ ഓഡർ പ്രകാരമുള്ള മരുന്ന് ലഭിച്ചില്ല എന്നത് വിരോധാഭാസമാണ്.

മേൽ അപാകതകൾ കാരണം,ചെലവഴിച്ച 200,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2015 ഏപ്രിൽ മുതൽ ആഗസ്ത് മാസം വരെ പ്രതിമാസം 47,452 രൂപ അടവാക്കിയിട്ടുണ്ട് (കൺസ്യൂമർ നമ്പർ - 10711). വൈദ്യുതി ചാർജ്ജും ഡെപ്പോസിറ്റും (94,903) ഉൾപ്പടെ 1,45,982 രൂപ സെപ്തംബറിൽ അടവാക്കിയിട്ടുണ്ട്. സെപ്തംബർ മാസം മുതൽ വൈദ്യുതി ചാർജ്ജ് 51,079 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് ,ആയത് പ്രകാരം കെ.എസ്.ഇ.ബി ലഭ്യമാക്കിയ തെരുവു വിളക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| വിളക്കുകൾ | വാട്ടേജ് | വിളക്കുകളുടെ എണ്ണം | തുക | പ്രതിമാസ ബിൽ |
|---|---|---|---|---|
| MFL | 40 | 153 | 61 | 9,333 |

| | | | | |
|---|---|---|---|---|
| F-Tube 2X40 | 80 | 246 | 124 | 30,504 |
| SVL | 250 | 14 | 414 | 5,796 |
| CFL 2X11 | 22 | 389 | 14 | 5,446 |
| | | 802 | | 51,079 |

നിലവിൽ തെരുവു വിളക്കുകളുടെ വിശദാംശം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിലില്ല . 22.8.15ലെ 127 ാം നമ്പർ തീരുമാനം പ്രകാരം തെരുവു വിളക്ക് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബി ലഭ്യമാക്കിയ റിപ്പോർട്ടിലെ കൃത്യത വ്യക്തമല്ല . കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണത്തിൽ വ്യക്തത വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23.12.16) മറുപടി ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണത്തിൽ വ്യക്തത വരുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-14 <u>രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു.</u>

01.07.15 ലെ 21500442 നമ്പർ വൗച്ചർ പ്രകാരം ശ്രീ അശോകൻ എന്നവർക്ക് 10,000/- രൂപ അനുവദിച്ചിട്ടുണ്ട് . കെട്ടിട നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി പോസ്റ്റ് ചെയ്ത വകയിലാണ് തുക നൽകിയത്.

| | |
|---|---|
| 15.5.15 മുതൽ 30.5.15 വരെ 14 ദിവസത്തേക്ക് 400 രൂപ തോതിൽ | 5600 |
| 1.6.15 മുതൽ 12.6.15 വരെ 11 ദിവസത്തേക്ക് 400 രൂപ തോതിൽ | 4400 |
| ആകെ | 10,000/- |

3.9.15 ലെ 21500611 നമ്പർ വൗച്ചർ പ്രകാരം 6000 രൂപ (400 രൂപ തോതിൽ 15 ദിവസത്തേക്ക്) ശ്രീ അശോകൻ എന്നവർക്ക് നൽകിയിട്ടുണ്ട് . 2014-15 വർഷത്തെ വാർഷിക കണക്ക് ശരിയാക്കുന്നതിന്റെ ഭാഗമായാണ് മേൽ തുക നൽകിയത്.

3.10.15 ലെ 21500717 നമ്പർ വൗച്ചർ പ്രകാരം 8800 രൂപ (400 രൂപ തോതിൽ 22 ദിവസത്തേക്ക്) ശ്രീ അശോകൻ എന്നവർക്ക് നൽകിയിട്ടുണ്ട് . 22 ദിവസം കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി പോസ്റ്റ് ചെയ്ത വകയിലാണ് മേൽ തുക നൽകിയത്.

2015-16 ൽ ഡെപ്യൂട്ടേഷൻ സ്റ്റാഫ് ഉൾപ്പടെ 11 ക്ലർക്കുമാരും , ദിവസവേതനത്തിൽ നിയമിച്ച ഒരാളും (5മാസം 10 ക്ലർക്കുമാരും) ഗ്രാമപഞ്ചായത്തിലുണ്ടായിരിക്കേ രജിസ്റ്റർ പോസ്റ്റ് ചെയ്യുന്നതിന് വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചതിനുള്ള കാരണം വ്യക്തമല്ല.28.2.15 ലെ 3/15 നമ്പർ ഓഫീസ്

ഓർഡർ പ്രകാരം ബിൽഡിംഗ് പ്ലാൻ , വസ്തു നികുതി ,നാല് സെന്റ് കോളനി ,വിവരാവകാശ നിയമപ്രകാരം മറുപടി നൽകൽ ,ലേലം മുതലായവ A3 -സെക്ഷന്റെ ചുമതലയാണ്, ആയത് നിർവ്വഹിച്ചിരുന്നത് ശ്രീ ബിനു.പി , ആണ് . പിന്നീട് വന്ന 10.9.15 ലെ 19/15 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ഓർഡറിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്ഷൻ ശ്രീ ഉണ്ണികൃഷ്ണന് നൽകിയിട്ടുണ്ട്.

സെക്ഷൻ തങ്ങളുടെ ചുമതല നിർവ്വഹിക്കാത്തതിനാൽ സെക്ഷന്റെ ജോലി ചെയ്യാൻ ദിവസവേതനാടിസ്ഥാനത്തിൽ ആളെ വെച്ച് ജോലി ചെയ്യിക്കുക എന്ന സാഹചര്യമാണ് ഇവിടെ സംജാതമായിരിക്കുന്നത്. ഇത് സെക്ഷന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ് ദിവസവേതനാടിസ്ഥാനത്തിൽ ആകെ ചെലവഴിച്ച ആകെ തുക ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കുമാരിൽ നിന്ന് ഈടാക്കേണ്ടതാണ് . മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/23.12.16)മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## **3-15** <u>ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നില്ല</u>

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജിവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ദിവസ വേതനാടിസ്ഥാനത്തിൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ശ്രീ കെ.പി.രമേഷ് കുമാറിന് വേതനം നൽകിയിട്ടുണ്ട്.വേതനം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തിയ്യതി | ജോലി ചെയ്ത മാസം | വേതനം നൽകിയ ദിവസങ്ങളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|---|
| 21500011 | 7.4.15 | മാർച്ച് | 29 | 11600 |
| 21500148 | 2.5.15 | ഏപ്രിൽ | 20 | 8000 |
| 21500386 | 1.6.15 | മെയ് | 29 | 11600 |
| 21500441 | 1.7.15 | ജൂൺ | 25 | 10000 |
| 21500526 | 4.8.15 | ജൂലൈ | 25 | 10000 |
| 21500612 | 3.9.15 | ആഗസ്ത് | 20 | 8000 |

| | | | | |
|---|---|---|---|---|
| 21500715 | 3.10.15 | സെപ്റ്റംബർ | 28 | 11200 |
| 21500835 | 6.11.15 | ഒക്ടോബർ | 29 | 11600 |
| 21500921 | 7.12.15 | നവംബർ | 22 | 8800 |
| 21500999 | 4.1.16 | ഡിസംബർ | 13 | 5200 |
| ആകെ | | | | 96000 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ 20 വർഷത്തോളമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരികയാണെന്ന് അറിഞ്ഞു . 2015-16 ൽ 11ക്ലർക്കമാർ ഉണ്ടായിരിക്കേ ഒരാളൊഴികെ ആരും തന്നെ അവധിയിലല്ലാതിരുന്നിട്ടും ദിവസ വേതനത്തിൽ ടിയാൻ തുടർന്നതിനുള്ള കാരണം വ്യക്തമല്ല. ഇതുകൂടാതെ ഫെബ്രുവരിമാസം ശ്രീമതി. ഷാജിമോളെ ദിവസവേതനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് നൽകിയ വേതനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 21501183 | 15.3.16 | ഫെബ്രുവരി | 25 @ 450 | 11250 |
| 21501198 | 16.3.16 | ഫെബ്രുവരി | ലഭ്യമല്ല. | 6900 |
| | | | | 18,150 |

ഇനത്തിൽ 2015-16 ൽ ആകെ 114150 ( 96000+18150+ രൂപ ചെലവുവന്നിട്ടുണ്ട് .

സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിനും പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-16 പരിധി പാലിക്കാതെ കണ്ടിജന്റ് ചെലവുകൾ ചെയ്യുന്നത് സംബന്ധിച്ച്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 156 (4) (സി) പ്രകാരം ഒരു പഞ്ചായത്ത് പ്രസിഡന്റിന് സർക്കാർ അതതു സമയം നിശ്ചയിച്ചേക്കാവുന്ന പരിധിയിൽ കണ്ടിജന്റ് ചെലവുകൾ ചെയ്യാവുന്നതാണ്. 18.01.1997ലെ (എം.എസ്)നം.18/97/ത.ഭ.വ. ഉത്തരവിലൂടെ ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു സമയത്ത് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിന് ഒരു പ്രാവശ്യം 5,000/- രൂപയും പ്രതിമാസം 10000/- രൂപയുമാണ് പരമാവധി ചെലവ് ) 27.05.1998ലെ (എം.എസ്)107/98/ത.ഭ.വ. നമ്പർ ഉത്തരവിലൂടെ പഞ്ചായത്തുകളിലെ കണ്ടിജന്റ് ചെലവുകൾ ഏതെല്ലാം ഓഫീസ് കാര്യങ്ങൾക്കായിരിക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക | വൗച്ചർ നം, തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2015-16 വർഷം ഉന്നത വിജയം നേടിയവരെ അനുമോദിക്കുന്നതിനായി മൊമന്റൊ , ബാനർ,ഫോട്ടോ എന്നിവയ്ക്ക് ചെലവായ തുക. | 6380 | തി 9.7.15 , 21500463 |
| 2 | 2015-16 വാർഷിക പദ്ധതിയുടെ ഭാഗമായി ചേളന്നൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ വെച്ച് എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ,11.2.16ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിന് മൈക്ക് സെറ്റ് ,വണ്ടി വാടക എന്നിവക്ക് ചെലവായ തുക | 7060 | തി 15.3.16 21501172 |
| 3 | ജൂൺ ,ജൂലൈ മാസങ്ങളിലെ വിവിധ യോഗങ്ങളിൽ ചായ,ലഘു ഭക്ഷണം, എന്നിവക്ക് വേണ്ടി ചെലവായ തുക | 17390 | |

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു വേണ്ടി - സൈറ്റ് ബോർഡ് തയ്യാറാക്കിയത് ക്വട്ടേഷൻ ക്ഷണിക്കാതെ .

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2015-16 ൽ 301 പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തിയോടൊപ്പവും പ്രദർശിപ്പിക്കേണ്ട സൈറ്റ് ബോർഡ് തയ്യാറാക്കുന്നതിന് 300 , 350 രൂപയുടെ ചെലവു വന്നിട്ടുണ്ട്. ജി.ഒ.(പി ) 259/2010 തി 8.11.10 പ്രകാരം 5000 രൂപയ്ക്ക് മുകളിലും 49,999/-രൂപ വരേയുമുള്ള ചെലവുകൾക്ക് അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും 3ക്വട്ടേഷനുകൾ ക്ഷണിക്കേണ്ടതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തികളുടെ സൈറ്റ് ബോർഡ് തയ്യാറാക്കുന്നതിനു ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.ഈയിനത്തിലുള്ള ആകെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | സൈറ്റ് ബോർഡ് തയ്യാറാക്കുന്നതിന്<br>ചെലവായ തുക |
|---|---|
| 2015-16 | 159 @300 - 47700 (ഒരു ബോർഡിന് 300 രൂപ തോതിലാണ് കണക്കാക്കിയത്.) |

നിലവിൽ ഓരോ പ്രവൃത്തിക്കും ബന്ധപ്പെട്ട പ്രവർത്തിയുടെ മേറ്റുമാർ ബോർഡ് തയ്യാറാക്കി ബിൽ ഹാജരാക്കുന്ന മുറക്ക് 300 രൂപയോ 350 രൂപയോ നൽകുകയാണ് ചെയ്യുന്നത്, ഇത് ശരിയായ നടപടിയല്ല. ക്വട്ടേഷനുകൾ ക്ഷണിക്കാതെ മേൽ തുക ചെലവു ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്യാത്തത് സംബന്ധിച്ച്.

2015-16 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 വർഷം മുതലുള്ള അഡ്വാൻസുകൾ ഇതുവരേയും അഡ്ജസ്റ്റ് ചെയ്തിട്ടില്ലെന്നു കാണുന്നു. 2016-17 ൽ അഡ്ജസ്റ്റ് ചെയ്തതൊഴികെ ഇനി അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അഡ്വാൻസ് | നൽകിയ | അഡ്ജസ്റ്റ് | ബാക്കി |
|---|---|---|---|---|

| | നൽകിയ വർഷം | തുക | ചെയ്തത് | |
|---|---|---|---|---|
| പറയരുകുന്ന് -മരത്തക്കോട്ട് കോളനി സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിഫിക്കേഷന് വേണ്ടി ചേളന്നൂരിൽ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തു, | 2012-13 | 50115 | -- | 50115 |
| തെരുവു വിളക്ക് മീറ്റിംഗിന് വേണ്ടി ചേളന്നൂരിൽ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തു, | 2012-13 | 185500 | -- | 185500 |
| ടി.എ ഇനത്തിൽ നൽകിയ മുൻകൂർ തുക | 2015-16 | 5500 | -- | 5500 |
| ആകെ | | | | 241115 |

മേൽ തുകകൾ അഡ്ജസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-19 ഗ്രാനുലാർ സബ് ബേസ് -സ്പെസിഫിക്കേഷനു വിരുദ്ധം.

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഗ്രാനുലാർ സബ് ബേസ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ, മണ്ണ് ഫിൽ ചെയ്ത് ഉറപ്പിച്ചതിന് മുകളിൽ 10 സെ.മീ.കനത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയരുടെ 16.1.2012 ലെ ഡി-ബി4-7462/2012/സി.ഇ.തസ്വഭവ കത്തിൽ റോഡിന്റെ വെള്ളക്കെട്ടുള്ള ഭാഗത്ത് മണ്ണിന്റെ ഘടനയ്ക്ക് അനുസരിച്ച് സബ് ബേസ് ബലപ്പെടുത്തേണ്ടതാണ് എന്നും, സബ് ഗ്രേഡ് സോയിലിന്റെ ബിയറിംഗ് കപ്പാസിറ്റി കുറവാണെങ്കിൽ ആയത് ബലപ്പെടുത്തണമെന്നും വ്യക്തമാക്കുന്നു. ക്ലെ സോയിൽ ആണെങ്കിൽ ആയത് നീക്കം ചെയ്ത് ഗ്രാനുലാർ സോയിൽ നിറക്കേണ്ടതാണ്. ഗ്രാനുലാർ സബ് ബേസ് ഉപയോഗിക്കുകയാണെങ്കിൽ കോംപാക്റ്റ്, കൺസോളിഡേറ്റഡ് ആയ സബ് ബേസ് ലഭിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നു. ഇതെല്ലാം ഐ.ആർ.സി സ്പെസിഫിക്കേഷന് അനുസരിച്ചായിരിക്കണം നടത്തേണ്ടതെന്നും, സ്പെസിഫിക്കേഷനിലെ ന്യൂനതകൾ ഗുരുതരമായി കണക്കാക്കപ്പെടുമെന്നും വ്യക്തമാക്കുന്നു. എന്നാൽ ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ ക്വാറിമക്ക് ഫില്ലിംഗ് നല്ല ഒരു ഗ്രാനുലാർ സബ് ബേസ് അല്ല. സ്പെസിഫിക്കേഷന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ക്വാറിമക്ക് ഫിൽ ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു .

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ എം.ബുക്ക്/കരാറുകാരന്റെ പേര്/ ബിൽ നമ്പർ | ചെയ്ത ഇനം / അളവ് | അനുവദിച്ച തുക |
|---|---|---|---|
| 1 | കണിയാത്ത് താഴെ മൂവിലേരി താഴെറോഡ് പ്രോജക്ട് നം: 15/16 കൺവീനർ - ഹസ്സൻ.എം.പി | 2/30.16ഘ.മീ | 32228 |

| | | | |
|---|---|---|---|
| | എം.ബുക്ക് 95/15<br>ബിൽ നമ്പർ -106/ 26.3.16<br>തുക – 100000/- | | |
| 2 | ഊട്ടുകുളം വാളോറപ്പൊയിൽഅ<br>ഗനവാടി റോഡ് നം: പ്രോജക്റ്റ് നമ്പർ 46/16<br>കരാറുകാരൻ -വി.അഷ്റഫ്<br>എം.ബുക്ക് 132/15<br>വൗച്ചർ നമ്പർ -21501300,തി 29.3.16<br>തുക – 172300/- | 2/27.08ഘ.മീ | 33796 |
| 3 | ഊട്ടുകുളം പനങ്ങാട് റോഡ് നം: പ്രോജക്റ്റ് നമ്പർ 43/16<br>കൺവീനർ -എം.ഒ.നസീർ<br>എം.ബുക്ക് 71/15<br>ബിൽ നമ്പർ -86/തി 15.3.16<br>തുക – 2,50,000/- | 2/56.04ഘ.മീ | 59883 |
| 4 | പുനത്തിൽ താഴെ കോട്ടാംചാലിൽ റോഡ് പ്രോജക്റ്റ് നമ്പർ 35/16<br>കൺവീനർ-ശ്രീധരൻ നായർ<br>എം.ബുക്ക് 55/15<br>ബിൽ നമ്പർ 53/,തി 21.1.16 -200,000/- | 2/71.58ഘ.മീ | 76489 |
| 5 | കാക്കൂർമല അംഗണവാടി കെട്ടിട നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ 293/16<br>കരാറുകാരൻ -റിഇ.എം.വി<br>എം.ബുക്ക് 1/15<br>ബിൽ നമ്പർ -54/21.1.16<br>തുക – 160000/- | 2/4.13ഘ.മീ | 5154 |

| | | | |
|---|---|---|---|
| | | | |
| 6 | വടക്കേക്കണ്ടിയിൽ താഴം ബണ്ട് റോഡ്<br>പ്രോജക്റ്റ് നമ്പർ 84 /16<br>കരാറുകാരൻ -റിജു.എം.വി<br>എം.ബുക്ക് 58/15<br>ബിൽ നമ്പർ 52/21.1.16<br>തുക – 200000/- | 2/41.1ഘ.മീ | 51293 |
| 7 | രാജീവ് ഗാന്ധി കോളനി റോഡ്<br>പ്രോ.നം -86/16<br>കരാറുകാരൻ -റിജു.എം .വി.<br>എം.ബുക്ക് 60/15<br>വൗച്ചർ നമ്പർ -21501046,തി 27.1.16<br>തുക – 250000/- | 6/33.04 ഘ.മീ | 41234 |
| 8 | കല്ലുംപുറത്ത് താഴം അമ്പലത്ത് കുളങ്ങര റോഡ്<br>പ്രോജക്റ്റ് നമ്പർ 36/14<br>കരാറുകാ0രൻ -പി.ശശിധരൻ<br>എം.ബുക്ക് 74/15<br>ബിൽ നമ്പർ -78/20.2.16 - തുക279741<br>81/20.2.16-തുക217500 | 2/55.12ഘ.മീ | 61514 |
| 9 | തച്ചോറമല റോഡ്<br>പ്രോജക്റ്റ് നമ്പർ 90/16<br>കരാറുകാരൻ -പി.ശശിധരൻ<br>എം.ബുക്ക് 63/15<br>ബിൽ നമ്പർ -63/21.1.16<br>തുക – 25000/- | 2/10.16ഘ.മീ | 12680 |

| | | | |
|---|---|---|---|
| | | | |
| 10 | പാലത്ത് പള്ളിപ്പൊയിൽ കനാൽ റോഡ്<br>പ്രോജക്റ്റ് നമ്പർ 50/16<br>കരാറുകാരൻ -വി.അഷ്റഫ്<br>എം.ബുക്ക് 54/15<br>ബിൽ നമ്പർ -69/21.1.16<br>തുക – 100000/- | 2/16.62ഘ.മീ | 20742 |
| | കരുവോളത്തിൽ താഴം മുക്കത്ത് റോഡ്<br>പ്രോജക്റ്റ് നമ്പർ 85/16<br>കരാറുകാരൻ -വി.അഷ്റഫ്<br>എം.ബുക്ക് 57/15<br>ബിൽ നമ്പർ -51/21.1.16<br>തുക – 200000/- | 2/43.2 ഘ.മീ | 53914 |
| | പെരുമ്പോയിൽ ചെങ്ങാല റോഡ്<br>പ്രോജക്റ്റ് നമ്പർ 26/16<br>കരാറുകാരൻ -പി.ശശിധരൻ<br>എം.ബുക്ക് 61/15<br>ബിൽ നമ്പർ -60/21.1.16<br>തുക – 150000/- | 2/32.41<br>ഘ.മീ | 40448 |
| | പ്രാഥമീകാരോഗ്യ കേന്ദ്രം നവീകരണം<br>പ്രോജക്റ്റ് നമ്പർ 169/16<br>കരാറുകാരൻ -റിജു.എം.വി.<br>എം.ബുക്ക് 17/15<br>ബിൽ നമ്പർ -62/21.1.16<br>തുക – 423659/-<br>70/21.1.2016<br>തുക 56341 | 2/24.98 | 31175 |

| | | | |
|---|---|---|---|
| | | | |
| | അരിപ്പപ്പൊയിൽ കൈതക്കാട്ട് റോഡ്<br>പ്രോജക്ട് നമ്പർ 48/16<br>കരാറുകാരൻ -റിനു.എം.വി<br>എം.ബുക്ക് 68/15<br>ബിൽ നമ്പർ -76/20.2..16<br>തുക – 450000/- | 2/20.18 | 25185 |
| | ഈച്ചന്നൂർ ശ്രീവിദ്യാമന്ദിരം റോഡ്<br>പ്രോജക്ട് നമ്പർ 11/16<br>കൺവീനർ -സത്യരാജ്.പി<br>എം.ബുക്ക് 106/15<br>ബിൽ നമ്പർ -108/26.3.16<br>തുക – 400000/- | 2/22.45 | 23996 |
| | 8/4 അയ്യപ്പൻകണ്ടി റോഡ്<br>പ്രോജക്ട് നമ്പർ 12/16<br>കൺവീനർ -കെ.ടി.ഗോവിന്ദൻകുട്ടി.<br>എം.ബുക്ക് 59/15<br>ബിൽ നമ്പർ -80/20.2.16<br>തുക – 59202/-<br>61/21.1.16 തുക 340798 | 2/37.93 | 41162 |
| | തച്ചാട്ട് താഴം മതിരൂർക്കണ്ടി റോഡ്<br>പ്രോജക്ട് നമ്പർ 33/16<br>കൺവീനർ -പി.സേതുമാധവൻ<br>എം.ബുക്ക് 80/15<br>ബിൽ നമ്പർ 118/31.3.16<br>തുക – 350000/- | 2/32.46 | 34686 |

| | | | |
|---|---|---|---|
| | | | |
| | മമ്മിള്ളിത്താഴം പുല്ലപ്രമല റോഡ്<br>പ്രോജക്ട് നമ്പർ 93/16<br>കൺവീനർ -പ്രതീഷ് .എം.<br>എം.ബുക്ക് 87/15<br>ബിൽ നമ്പർ -92/15.3.16<br>തുക – 260427/ | 2/28.68 | 30647 |
| | ചാലപ്പുറത്ത് താഴം നമ്പ്യാംമുക്ക് താഴം റോഡ്<br>പ്രോജക്ട് നമ്പർ 65/16<br>കൺവീനർ -ജയപ്രകാശൻ<br>എം.ബുക്ക് 107/15<br>ബിൽ നമ്പർ -135/31.3.16<br>തുക – 200000/ | 2/43.46 | 46440 |
| | തെരുവത്ത് താഴം അട്ടുവാറക്കൽ താഴെ കനാൽ റോഡ്<br>പ്രോജക്ട് നമ്പർ 150/15<br>കൺവീനർ - .എം.എൻ .രഘുനാഥൻ<br>എം.ബുക്ക് 248/13<br>ബിൽ നമ്പർ -12/30.7.15<br>തുക – 200000/ | 5/36 | 34920 |
| | കുന്നോത്ത് തെക്കേപാലയാട്ട് താഴം റോഡ്<br>പ്രോജക്ട് നമ്പർ 18/16<br>കൺവീനർ -ലൈജു.വി.പി<br>എം.ബുക്ക് 21/15<br>ബിൽ നമ്പർ -47/21.1.16<br>തുക – 200000 | 2/17.43 | 18625 |

| | | | |
|---|---|---|---|
| | | | |
| | കുമാരസ്വാമി കടുത്തല പാത്ത് താഴം റോഡ്പ്രോജക്ട് നമ്പർ 66/16<br>കൺവീനർ -ശ്യാമരാജൻ<br>എം.ബുക്ക് 61/15<br>ബിൽ നമ്പർ -126,127,128/31.3.16<br>തുക – 400000/ | 10/12.16 | 13319 |
| | കരുവാരയിൽ റോഡ്<br>പ്രോജക്ട് നമ്പർ 40/16<br>കൺവീനർ -ഷിബീഷ് .എം.<br>എം.ബുക്ക് 136/15<br>ബിൽ നമ്പർ -143/31.3.16<br>തുക – 150000/ | 2/29.7 | 31737 |
| | എളേറ്റിൽ താഴം റോഡ്<br>പ്രോജക്ട് നമ്പർ 78/16<br>കൺവീനർ -രാധാകൃഷ്ണൻ.<br>എം.ബുക്ക് 62/15<br>ബിൽ നമ്പർ -59/21.1..16<br>തുക – 100000/- | 2/23.55 | 25165 |
| | ഈച്ചത്തുർ സ്കൂൾ നടുവത്തറ റോഡ്<br>പ്രോജക്ട് നമ്പർ 14/16<br>കൺവീനർ -മുരളി .കെ.കെ.<br>എം.ബുക്ക് 70/15<br>ബിൽ നമ്പർ -84/15.3.16<br>തുക – 150000/- | 2/26.54 | 28360 |
| | | | 9,08,588/- |

ഇത്തരത്തിൽ സ്പെസിഫിക്കേന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് 9,08,588/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-20 പൂരകപോഷകാഹാരപദ്ധതി - രണ്ടു പ്രൊജക്ടായി പദ്ധതിനിർവഹണം

ഓഡിറ്റ് വർഷത്തിൽ അംഗനവാടി പോഷകാഹാര വിതരണത്തിനായി 2 പ്രൊജക്ടുകൾ രൂപീകരിച്ചിരുന്നു.

1) പ്രൊജക്ട് നമ്പർ :143/15-16- അങ്കണവാടി പോഷകാഹാര വിതരണം( ജനറൽ)

അടങ്കൽ : 2800000

ചെലവ് : 2534218 ( ബിൽ നമ്പർ 1/15-16തി. 11.8.15- 620596

ബിൽ നമ്പർ :2/15-16തി. 21.8.15- 67852

ബിൽ നമ്പർ :6/15-16തി. 13.1.16- 565407

ബിൽ നമ്പർ :11/15-16തി. 15.2.16- 601045

ചെക്ക് നമ്പർ :1633312 തി.13.11.15 - 314920

ചെക്ക് നമ്പർ :1633331 തി.11.2.16 - 122559

ചെക്ക് നമ്പർ :1633351 തി.23.3.16 - 62521

ചെക്ക് നമ്പർ : 1633352 തി.23.3.16 - 179318)

2) പ്രൊജക്ട് നമ്പർ :147/15-16- അങ്കണവാടി പോഷകാഹാര വിതരണം( എസ്.സി.പി)

അടങ്കൽ : 50000

ചെലവ് : 50000 ( ബിൽ നമ്പർ 14/15-16തി. 19.2.16-50000)

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ 16.11.2013 പ്രകാരം അങ്കണവാടികളിൽ വരുന്ന കുട്ടികൾക്കുള്ള പൂരകപോഷകഹാരം, ടി.എച്ച്.ആർ.എസ്, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാരം, സബല, കാലാകാലങ്ങളിൽ സർക്കാർ തീരുമാനിക്കുന്ന പദ്ധതികൾ എന്നിവ ഉൾപ്പെടെ അങ്കണവാടി പോഷകാഹാരവിതരണത്തിന് ആവശ്യമായ തുക ഇവയെല്ലാം ചേർത്ത് ഒറ്റ പ്രൊജക്ടായി തയ്യാറാക്കേണ്ടതുണ്ട്. തയ്യാറാക്കുന്ന പ്രൊജക്ടിൽ, അങ്കണവാടികളിൽ പഠിക്കുന്ന പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗവിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ അങ്കനവാടി പോഷകാഹാര വിതരണത്തിനായി വകയിരുത്താവുന്നതാണ്. എന്നാൽ അത്തരത്തിൽ വകയിരുത്തുമ്പോൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രൊജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 2015-16 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത് അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിന് രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഒരൊറ്റ പദ്ധതിയിൽ വിവിധ ഘടകങ്ങളായി പദ്ധതി പണം വകയിരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുകയുള്ളൂ. അതായത് അംഗനവാടി കുട്ടികളിൽ പട്ടികജാതി/വർഗ്ഗ കുട്ടികളുടെ എണ്ണത്തിനനുസൃതമായി പ്രൊജക്ടിൽ ജനറൽ, പട്ടികജാതി/വർഗ്ഗ വിഹിതം ഉൾപ്പെടുത്തേണ്ടതായിരുന്നു. ഇവിടെ പ്രൊജക്ട് നമ്പർ 147/15-16 പ്രകാരം വകയിരുത്തികൊണ്ട് വാങ്ങിച്ച സാധനങ്ങളെല്ലാം തന്നെ പട്ടികജാതി കുട്ടികൾ പഠിക്കാത്ത അങ്കനവാടികളിലും വിതരണം ചെയ്തതായി കാണുന്നു. ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി കൈവരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2015-16 | 5,00,000 | ചാത്താർ കോട്ടമൂപ്പറ്റമ്മൽ കുടിവെള്ള പദ്ധതി | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2015-16 | 500000 | ഇന്ദിരാഗാന്ധി മിനിസ്റ്റേഡിയം നിർമ്മാണം | 500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന വായ്പ | എ2/8439/10 . തീ.8.10.10 | -- | 16,40,686 | 9,50,000 | | 6,90,686 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1250512 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ് ) | 103169 |
| ആകെ | 1353681 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1353681 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്,കക്കോടി ശാഖ | 4,14,986 |
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്,കക്കോടി ശാഖ | 2,85,825 |
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്,കക്കോടി ശാഖ | 6,52,870 |
| ആകെ | 13,53,681 |

## 4-6 ഓഡിറ്റ് റിക്കവറി ഈയിനത്തിൽ തൻവർഷം വരവില്ല .

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2003-04 | 3(3) | പറയരുകുന്ന് വാട്ടർ സപ്ലൈ സ്കീം(വ്യക്തികൾവിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം) . | |
| 1999-00 | | 2004-05 | 3(33) | നികുതി പിരിവിൽ അലംഭാവം . | |
| 2000-01 | 12 | 2003-04 | 5-15 | വീട് നിർമ്മാണത്തിനുള്ള അപേക്ഷ ഇല്ലാതെ ബോർഡിന് അധികമടച്ച 7,25,000രൂപ തിരികെ ഈടാക്കേണ്ടതാണ് . | |
| 2000-01 | | 2003-04 | 3-36 | നികുതി പിരിവിൽ അലംഭാവം . | |
| 2005-06 | 3-8 | 2008-09 | 3-6-2 | കൊപ്ര ഡ്രയർ യൂണിറ്റുകൾ സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം കണ്ടില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 457,73,968 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 618,90,039 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 609911 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3680948 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 498727 | ഷീജ.സി,അസി.എഞ്ചിനീയർ |
| 3-2(എ) | | 50522 | ഷീജ.സി,അസി.എഞ്ചിനീയർ |
| 3-3 | | 7837 | ഷീജ.സി,അസി.എഞ്ചിനീയർ |
| 3-6 | | 42825 | കെ.വി.അനീഷ് കുമാർ,സെക്രട്ടറി |
| 3-14 | | 5600<br>4400 | ബിനു.പി., ക്ലാർക്ക്<br>ഉണ്ണികൃഷ്ണൻ, ക്ലാർക്ക് |
| | | 609911 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 864000 | കെ.വി.അനീഷ് കുമാർ,സെക്രട്ടറി |
| 3-6 | 457140 | കെ.വി.അനീഷ് കുമാർ,സെക്രട്ടറി |
| 3-7 | 200000 | രജനി മുരളീധരൻ,കൃഷി ഓഫീസർ |
| 3-9 | 356250 | ഡോ.മുഹമ്മദ് നവാസ്,വെറ്റിനറി സർജൻ |
| 3-10 | 320000 | സതീഷ് കുമാർ,അസി.സെക്രട്ടറി |
| 3-11 | 260820 | രജനി മുരളീധരൻ,കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-12 | 200000 | ഡോ.ഹീര,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-15 | 114150 | ഉദയൻ, സെക്രട്ടറി (41200)<br>കെ.വി.അനീഷ് കുമാർ,സെക്രട്ടറി(72950) |
| 3-19 | 908588 | ഷീജ.സി,അസി.എഞ്ചിനീയർ |
| ആകെ | 3680948 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | തുക | ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | 166800 | ആദായ നികുതി | കെ.വി.അനീഷ് കുമാർ,സെക്രട്ടറി |
| 3-5 | 74000 | ആദായ നികുതി | കെ.വി.അനീഷ് കുമാർ,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഖ. 3-8

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.വി.അനീഷ് കുമാർ,സെക്രട്ടറി | സെക്രട്ടറി,മൂടാടി ഗ്രാമ പഞ്ചായത്ത് | കൃഷ്ണകൃപ,അരക്കിണർ പി.ഒ,കോഴിക്കോട് |
| ഉദയൻ.എ,സെക്രട്ടറി | സീനിയർസൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 2, കുന്ദമംഗലം,കോഴിക്കോട് | ലഭ്യമായിട്ടില്ല. |
| ഷീജ.സി,അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി,ചേളന്നൂർ | നൂപുരം,തലക്കുളത്തൂർ പി.ഒ,കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89, 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്2/900/93/8.7.04 | 16 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി2/51/10(2)/11.11.10 | 8 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എസ്2/1312/ 2000/9.1.00 | 9 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി2/51/10(4)/11.11.10 | 4 |
| 1999-00 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/1486/ 05/11.11.10 | 10 |
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/895/ 03/2.1.04 | 4 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/988/ 04/12.11.04 | 10 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി2/51/10(5)/11.11.10 | 13 |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/51/10(6)/11.11.10 | 5 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/1077/ 09/24.11.09 | 5 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്2/1000/ 05/1.7.06 | 19 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്3/1254/ 08/22.5.08 | 15 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്3/83/ 08/6.9.08 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/1452/ 09/6.11/09 | 34 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി2/1101/ 10/23.12.10 | 23 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി2/205/ 11/3.3.11 | 31 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി12/473/ 12/25.11.13 | 34 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/1513/ 12/13.3.13 | 17 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി12/1824/ 12/20.7.13 | 12 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി12/697/ 14/3.3.15 | 22 |
| 2013-14 &14-15 | കെ.എസ്.എ.കെ.കെ.ഡി/പി12/1397/16 1.8.16 | 30 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# 1

# Audit Certificate

കെ.എസ്.എ.കെ.കെ.ഡി/പി. 12/103/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-23.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P12/103/2017

Kerala State Audit Department

District Audit Office, Kozhikode

Phone - 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated - 23.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chelannur Grama Panchayat for the year ended on 31.03.2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Chelannur Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.